# പ്രതീക്ഷയുടെ പൂമൊട്ടുകൾ

വാല്യം 38 ലക്കം മാർച്ച് 2020 വാർഷിക വരിസംഖ്യ ₹ 100



പ്രോസാങ്ടിറ്റി പബ്ലിക്കേഷൻസ്

ആദിമാതാവായ ഹവ്വാമൂലം
മാനവവംശത്തിന്റെ മുമ്പിൽ
അടയ്ക്കപ്പെട്ട ജീവന്റെ കവാടം
ദൈവപുത്രനായ മിശിഹായുടെ
മരണോത്ഥാനങ്ങളിലൂടെ തുറക്കുവാൻ
ദൈവത്തോടു സഹകരിച്ച
രണ്ടാം ഹവ്വായായ പരിശുദ്ധ അമ്മേ,
എപ്പോഴും ദൈവം തെളിക്കുന്ന
പാതയിലൂടെമാത്രം ചരിക്കുവാൻ
ഞങ്ങളെ സഹായിക്കണമേ.



വിശുദ്ധിയുടെ
മാതൃകയായ
മറിയത്തിന്റെ
വിമലഹൃദയമേ
വിശുദ്ധരാകാമെന്ന
പ്രത്യാശ
ഞങ്ങൾക്ക്
നല്കണമേ

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

**വാല്യം 38 ഉയിർപ്പ് ലക്കം മാർച്ച് 2020**

*"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം"* (1 തെസ 4,3)

രക്ഷാധികാരി:
**ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**

**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ:
**മല്പാൻ റവ. ഡോ. മാത്യു വെള്ളാനിക്കൽ**

മാനേജിംഗ് എഡിറ്റർ:
**അന്നമ്മ കുളത്തൂപുരയിടം എ.ഒ.**

എക്സിക്യൂട്ടീവ് എഡിറ്റർ:
**ഷിനി തെരേസ് എ.ഒ.**

പത്രാധിപസമിതി:
**റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**
**അനു കുരിശുംമൂട്ടിൽ എ.ഒ.**
**ജിസ കൂട്ടിയാനിക്കൽ എ.ഒ.**

അഡ്വൈസറി ബോർഡ്:
**റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ**
**റവ. ഫാ. ജോസഫ് പുത്തൻപറമ്പിൽ**
**വിൽസൺ ജോർജ് അറയ്ക്കൽ** M.A. Mphil

സർക്കുലേഷൻ മാനേജേഴ്സ്:
**പ്രിൻസി മൈലാടിയിൽ എ.ഒ.**
**മിസ്റ്റർ കുര്യൻ മാത്യു ഇല്ലിക്കൽ**
**മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ**

ഫിനാൻസ് മാനേജർ:
**മെർലിറ്റ് അഞ്ചാനിക്കൽ എ.ഒ.**

കവർ ഡിസൈനിംഗ് & ലേഔട്ട്
**ജെ.എസ്. ഗ്രാഫിക്സ്**

**വാർഷിക വരിസംഖ്യ ₹100/-**

പ്രിന്റിംഗ്:
വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം.
Email: wigipress@gmail.com

**പ്രോസാങ്ടിറ്റി പബ്ലിക്കേഷൻസ്**
**സ്പിരിച്ചാലിറ്റി സെന്റർ**
**മാങ്ങാനം പി. ഒ., കോട്ടയം 686 018**
**ഫോൺ: 9497588192, 0481-2578192**
**Email: psmktm@gmail.com**

## ഉള്ളടക്കം

- വിസ്മയത്തിൽനിന്നു വിശ്വാസത്തിലേക്ക് 5
- സഭ: ദൈവിക ഐക്യത്തിൽ ജീവിക്കുന്ന സമൂഹം 7
- പ്രതീക്ഷയുടെ പുലരി 10
- വിശ്വാസവഴിയേ ഉത്ഥാനമഹത്ത്വത്തിലേക്ക് 13
- സെനക്കിൾ തരംഗം 15
- ഉത്ഥാനത്തിന്റെ പ്രതീക്ഷ 16
- കാവലാൾ 18
- ഉയിർപ്പുതിരുനാൾ 20
- കാലത്തിന്റെ അടയാളങ്ങളെ ശ്രദ്ധിക്കുന്ന സഭ 22
- ജോസഫ് 24
- ചെറുതാകണം കുർബാനയാകാൻ 26
- സ്വർഗ്ഗം നോക്കി യാത്ര ചെയ്യുക 28
- കൊറോണ + കലാപം; സമാധാനം? 30
- ദൈവത്തിന്റെ ~~കത്ത്~~ കുത്ത് 32
- അമ്മയോടൊപ്പം 34

എഡിറ്റോറിയൽ

# പ്രത്യാശ ഉത്ഥിതനിൽമാത്രം

സൂക്ഷ്മദർശിനികൾക്കും ബഹിരാകാശസഞ്ചാരികൾക്കും കണ്ടെത്താൻ കഴിയാതെ പോയതിനാൽ ദൈവമില്ല എന്ന് ഉദ്ഘോഷിച്ചവർ ചരിത്രത്തിലുണ്ട്. എന്നാൽ ശാസ്ത്രനേട്ടങ്ങളെ കൂട്ടുപിടിച്ച് ദൈവത്തിന്റെ അസ്തിത്വത്തെപ്പോലും ചോദ്യം ചെയ്യാൻ ഒരുമ്പെട്ട ലോകം, നഗ്നനേത്രങ്ങൾക്കു കാണാൻ സാധിക്കാത്തത്ര ചെറിയ വൈറസിനു മുമ്പിൽ പകച്ചുനില്ക്കുന്ന കാഴ്ചയാണ് ഈ മാസങ്ങളിൽ നാം കണ്ടുകൊണ്ടിരിക്കുന്നത്. ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം ഏറ്റവും പൂജ്യമായി ആഘോഷിക്കുന്ന വിശുദ്ധവാരവും ഉയിർപ്പുതിരുനാളും കടന്നുവരുന്നു. എന്നാൽ അവ എങ്ങനെ ആഘോഷിക്കുമെന്നത് ഒരു ചോദ്യചിഹ്നംതന്നെ. പരിശുദ്ധ കുർബാന അർപ്പിക്കാനും മറ്റു ഭക്താനുഷ്ഠാനങ്ങൾ നിർവഹിക്കാനുമാവാത്ത വളരെയേറെ വിശ്വാസികൾ ഇന്ന് ലോകത്തെമ്പാടുമുണ്ട്. വിശ്വാസജീവിതത്തെ സംബന്ധിച്ചുമാത്രമല്ല, ജീവിതത്തിന്റെ എല്ലാ മേഖലകളെയും സംബന്ധിച്ചും അനിശ്ചിതത്വം തുടരുന്നു.

ഈശോയെ കുരിശിൽ തറച്ച ദിവസംമുതലുള്ള മൂന്നു ദിനങ്ങൾ ഈശോയുടെ ശിഷ്യരെ സംബന്ധിച്ചും അനിശ്ചിതത്വത്തിന്റേതായിരുന്നു. ആശങ്കയുടെ ഇരുൾനിറഞ്ഞ ആ മൂന്നു ദിനങ്ങൾ ഈശോയുടെ ഉത്ഥാനത്തോടെ പ്രത്യാശയുടെ കിരണങ്ങൾ കണ്ടു. നമ്മുടെ നിരാശകളിലും ആശങ്കകളിലുമെല്ലാം ഒരിക്കലും അവസാനിക്കാത്ത സമാധാനവും പ്രത്യാശയും നല്കാൻ കെല്പുള്ളവൻ മരണത്തെ ജയിച്ചുയിർത്തെഴുന്നേറ്റ നമ്മുടെ കർത്താവീശോമിശിഹായാണ്. ഈ ലോകത്തിന്റെ ക്ഷണികതയെ ഓർമ്മിപ്പിക്കുന്ന സംഭവവികാസങ്ങളുണ്ടാകുമ്പോഴും ശാന്തമായ ഹൃദയത്തോടെ അവയെ നേരിടാൻ കഴിയണമെങ്കിൽ ഉത്ഥിതനിൽ നാം പ്രത്യാശയർപ്പിക്കണം. നിത്യനായവനുമാത്രമേ നിത്യമായ സമാധാനവും സന്തോഷവും പ്രദാനം ചെയ്യാനാവൂ. ആ പ്രത്യാശയോടെ തിരുമുമ്പിൽ അണയുവാനും ലോകം മുഴുവനുംവേണ്ടി പ്രാർത്ഥിക്കുവാനും നമുക്കു പരിശ്രമിക്കാം. ഏവർക്കും ഉയിർപ്പുതിരുനാളാശംസകൾ...

# വിസ്മയത്തിൽനിന്നു വിശ്വാസത്തിലേക്ക്

റവ. ഡോ. ജോസഫ് കടുപ്പിൽ



**തി**രുവുത്ഥാനം കർത്താവിന്റെ ശിഷ്യരിൽ ആദ്യമുളവാക്കിയ വികാരം വിസ്മയമായിരുന്നു. അനിതരസാധാരണമായ ഈ അനുഗ്രഹത്തെ തിരിച്ചറിയാതെ സ്വന്തം സുരക്ഷിത സങ്കേതം തേടിയെന്നവണ്ണം എമ്മാവൂസ് ഗ്രാമത്തിലേക്കു യാത്രയായ രണ്ടു ശിഷ്യർ ഉത്ഥാനവാർത്ത ആദ്യമായി അറിയിച്ചവരെക്കുറിച്ച് അപരിചിതനോടെന്നപോലെ കർത്താവിനോടു പറയുന്നുണ്ടല്ലോ: "ഞങ്ങളുടെ കൂട്ടത്തിലെ ചില സ്ത്രീകൾ ഞങ്ങളെ വിസ്മയിപ്പിച്ചു" എന്ന്. ഈ വിസ്മയം അവരെ വിശ്വാസത്തിലേക്കു നയിച്ചില്ല. അതുകൊണ്ടാണല്ലോ അവരുടെ ആത്മീയനയനങ്ങൾ മൂടപ്പെട്ടിരുന്നതും കൂടെ നടന്ന ഉത്ഥിതനെ അവർ തിരിച്ചറിയാതെ പോയതും.


വിസ്മയങ്ങൾ ആകർഷകങ്ങളും അക്കാരണത്താൽ ആസ്വാദ്യകരങ്ങളുമാണ്. ചിന്ത, വാക്ക്, കാഴ്ച, പ്രവൃത്തി തുടങ്ങിവയെല്ലാം ഒരുവനിൽ വിസ്മയമുളവാക്കാൻ പ്രാപ്തമാണുതാനും. മനുഷ്യാവതാരം ചെയ്ത രക്ഷകനായ ഈശോയുടെ രഹസ്യവും പരസ്യവുമായ ഐഹികജീവിതകാലത്ത് അവിടുത്തെ അന്യാദൃശമായ വാക്കുകൾ കേട്ടും അപാരമായ പ്രവൃത്തികൾ കണ്ടും അനേകർ അത്ഭുതംകൂറിയെന്നും വിസ്മയിച്ചുവെന്നും സുവിശേഷങ്ങൾ സാക്ഷ്യപ്പെടുത്തുന്നുണ്ടല്ലോ. ഈശോയുടെ ജനനത്തോടനുബന്ധിച്ച് നാം വായിക്കുന്നു: "അതു കേട്ടവരെല്ലാം ഇടയന്മാർ തങ്ങളോടു പറഞ്ഞ സംഗതികളെക്കുറിച്ച് അത്ഭുതപ്പെട്ടു." ബാലനായ ഈശോ ദൈവാലയത്തിൽ വേദശാസ്ത്രികളുമായി തർക്കിച്ചിരിക്കുമ്പോൾ അവനെ കേട്ടവരെല്ലാം അത്ഭുതപ്പെട്ടുവെന്നും അവന്റെ മാതാപിതാക്കൾപോലും വിസ്മയിച്ചുവെന്നും ലൂക്കാ സുവിശേഷകൻ എടുത്തു രേഖപ്പെടുത്തിയിരിക്കുന്നു. അവിടുത്തെ പരസ്യജീവിതകാലത്ത് എത്രയോ അവസരങ്ങളിൽ അവിടുന്നിൽ വിസ്മയമുളവായ രംഗങ്ങളെക്കുറിച്ച് നാം വായിക്കുന്നുണ്ട്. "അവന്റെ പ്രബോധനത്തിൽ അവർ വിസ്മയഭരിതരായി" (ലൂക്കാ 4,32). "ഈശോ ഈ വചനങ്ങൾ

അവസാനിപ്പിച്ചപ്പോൾ ജനാവലി അവന്റെ പ്രബോധനങ്ങളെക്കുറിച്ചു വിസ്മയിച്ചിരുന്നു" (മർക്കോ 11,18). "തന്മൂലം പീലാത്തോസ് വിസ്മയിച്ചു" (മർക്കോ 15,5). ആദ്യകാല സഭാ ചരിത്രമായ ശ്ലീഹന്മാരുടെ നടപടിയും ശ്ലീഹന്മാരുടെ വാക്കുകളും പ്രവൃത്തികളും കണ്ടും കേട്ടും അത്ഭുതപ്പെടുകയും വിസ്മയിക്കുകയും ചെയ്തവരെക്കുറിച്ച് പലയിടങ്ങളിൽ പ്രസ്താവിക്കുന്നുണ്ടല്ലോ (അപ്പ. 3,12; 4,13).

വിസ്മയങ്ങൾ തെറ്റല്ല. എന്നാൽ വിശ്വാസത്തിലേക്കു നയിക്കാത്ത വിസ്മയങ്ങൾക്കൊന്നും ആത്മീയതയിൽ പ്രസക്തിയില്ല. മറിച്ച് വിശ്വാസത്തിലേക്ക് ഒരുവനെ നയിക്കുന്ന വിസ്മയങ്ങളെല്ലാം ആത്മീയവളർച്ചയുടെ വാതായനങ്ങളായി മാറും. വിസ്മയങ്ങൾ വിശ്വാസത്തിലേക്കു നയിക്കണമെങ്കിലോ വിസ്മയത്തിനു നിമിത്തമായ കാര്യങ്ങൾ അനുഭവമായി മാറണം. സംഭവങ്ങളാണു നമ്മെ വിസ്മയിപ്പിക്കുന്നത്. അനുഭവങ്ങൾ നമ്മെ വിശ്വസിപ്പിക്കും. എമ്മാവൂസിലേക്കു യാത്രയായ ശിഷ്യരുടെ സംഭാഷണവിഷയത്തെക്കുറിച്ച് സുവിശേഷകൻ രേഖപ്പെടുത്തിയിരിക്കുന്ന വാക്കുകൾ ശ്രദ്ധേയമാണ്: "ഈ സംഭവങ്ങളെക്കുറിച്ചെല്ലാം അവർ സംസാരിച്ചുകൊണ്ടിരുന്നു". സംഭവവും അനുഭവവും വ്യത്യസ്തങ്ങളാണ്. രണ്ടും ഒരേ യാഥാർത്ഥ്യത്തെക്കുറിച്ചാകാം. ആ യാഥാർത്ഥ്യം എന്നെ വ്യക്തിപരമായി ബാധിക്കാത്തപ്പോൾ അതെനിക്കു വെറുമൊരു സംഭവമായി നിലകൊള്ളും. മറിച്ച് അതെന്നെ വ്യക്തിപരമായി ബാധിക്കുന്നതാകുമ്പോൾ അതെന്റെ അനുഭവമാകും. ഈ അനുഭവമാണ് വിശ്വാസത്തിലേക്കുള്ള പടിവാതിൽ.

ക്രൈസ്തവവിശ്വാസത്തിന്റെ ആണിക്കല്ലായ തിരുവുത്ഥാനം അവിടുന്നു പ്രത്യേകം തിരഞ്ഞെടുത്ത് സവിശേഷമായി പഠിപ്പിച്ച് ശ്രദ്ധാപൂർവ്വം പരിശീലിപ്പിച്ചൊരുക്കിയ ശ്ലീഹരിലും അരുമശിഷ്യരിലും പോലും അചഞ്ചല വിശ്വാസമായത് ഒരു പ്രക്രിയയിലൂടെയാണല്ലോ. ശൂന്യമായ കല്ലറ കണ്ട് അവർ അമ്പരക്കുകയും വിസ്മയിക്കുകയും ചെയ്തു. തൊട്ടുചേർന്ന് അവിടുന്നു നൽകിയ പ്രകാശപൂരിതമായ പ്രത്യക്ഷീകരണങ്ങൾ ഉത്ഥാനയാഥാർത്ഥ്യത്തെ അവർക്കനുഭവമാക്കി. അനന്യമായ ഈ അനുഭവം ആർക്കും എടുത്തുകളയാനാകാത്ത ആഴമായ വിശ്വാസത്തെ അവരിൽ വളർത്തി. ഈ ആഴമായ വിശ്വാസമോ ജീവൻ കൊടുത്തും അവനു സാക്ഷ്യമേകാൻ അവരെ പ്രാപ്തരാക്കി.

വിസ്മയിക്കാനും വിസ്മയിപ്പിക്കാനും താത്പര്യം ക്രമാതീതമായി വർദ്ധിതമാകുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. അവയ്ക്കു പിന്നാലെ പരക്കം പായുന്നവരുടെ എണ്ണവും തുച്ഛമല്ല. അത്ഭുതകരമായ രോഗശാന്തികളുടെയും അസാധ്യകാര്യങ്ങളുടെ നിവർത്തനങ്ങളുടെയും എണ്ണമറ്റ വാർത്തകൾ ആരിലാണു വിസ്മയമുളവാക്കാതിരിക്കുന്നത്. അവയെല്ലാം വ്യാജമാണെന്നും വെറും തോന്നലുകളാണെന്നും അടിസ്ഥാനരഹിതമായി അവകാശപ്പെടുന്നവരുമുണ്ട്. ദൈവവും ദൈവവചനങ്ങളും അന്നും ഇന്നും എന്നും ശക്തവും സജീവവുമാണെന്നതിൽ ആർക്കും ശങ്ക വേണ്ട. ആകയാൽ വിസ്മയകരങ്ങളായ ഈ ദൈവിക ഇടപെടലുകളെ വെറും വ്യാജമെന്നു പുച്ഛിച്ചു തള്ളുന്നതിൽ യുക്തിയൊന്നുമില്ല. പക്ഷേ നാം ചിന്തിക്കേണ്ടതും പരിശോധിക്കേണ്ടതുമായത് മറ്റൊരു സുപ്രധാന വിഷയമാണ്. എന്റെ യഥാർത്ഥ അന്വേഷണം കേവലം ക്ഷണികമായ വിസ്മയം മാത്രമാണോ, മറിച്ച്, ആഴമായ വിശ്വാസത്തിലേക്ക് അതെന്നെ കൊണ്ടുചെന്നെത്തിക്കുന്നുണ്ടോ? ദൈവമെന്റെ ജീവിതത്തിൽ പ്രവർത്തിച്ചതും പ്രവർത്തിക്കുന്നതുമായ വിസ്മയകരങ്ങളായ കാര്യങ്ങളെ ദർശിക്കുവാനും അവയെ അനുഭവങ്ങളാക്കി മാറ്റി വിശ്വാസത്തിന്റെ ആഴങ്ങളിലേക്കു കടക്കുവാനും ആ വിശ്വാസത്തെ സാക്ഷ്യമാക്കി മാറ്റുവാനും കഴിയുമ്പോൾ വിസ്മയങ്ങൾ അനുഗ്രഹവഴികളെ തുറക്കും. ഈശോയുടെ സത്യമായ തിരുവുത്ഥാനം അനുഭവമാക്കാനും തദ്വാര ആഴമായ വിശ്വാസം വളർത്താനും ആ വിശ്വാസത്തെ സധൈര്യം പ്രഘോഷിക്കുന്ന സജീവസാക്ഷ്യമാകാനും ഉയിർപ്പു തിരുനാളും അനുബന്ധചിന്തകളും നമ്മെ സഹായിക്കട്ടെ.





# സഭ: ദൈവിക ഐക്യത്തിൽ ജീവിക്കുന്ന സമൂഹം

മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ

**ഈ**ശോയുടെ പുരോഹിതപ്രാർത്ഥനയിൽ അവസാനമായി പ്രാർത്ഥിക്കുന്നത് സഭൈക്യത്തിനുവേണ്ടിയാണ്: "അവരുടെ വചനംമൂലം എന്നിൽ വിശ്വസിക്കുന്നവർക്കുവേണ്ടിക്കൂടിയാണ് ഞാൻ പ്രാർത്ഥിക്കുന്നത്. അവരെല്ലാവരും ഒന്നായിരിക്കാൻവേണ്ടി" (യോഹ 17,20-21). സഭൈക്യം ഈശോയുടെ ഹൃദയത്തിന്റെ ഏറ്റം വലിയ പ്രതീക്ഷയാണ്; അന്ത്യാഭിലാഷമാണ്.

### സഭ: വചനം സ്വീകരിച്ചവരുടെ സമൂഹം

പത്രോസ്ശ്ലീഹാ മറ്റു പതിനൊന്നു പേരോടുംകൂടെ നടത്തിയ വചനപ്രഘോഷണത്തിന്റെ ഫലമായിട്ടാണ് ആദിമക്രൈസ്തവരുടെ സമൂഹം രൂപംകൊണ്ടത്: "അവന്റെ വചനം ശ്രവിച്ചവർ സ്നാനം സ്വീകരിച്ചു. ആ ദിവസംതന്നെ മൂവായിരത്തോളം ആളുകൾ അവരോടു ചേർന്നു" (ശ്ലീഹ 2,41). മലയാളവിവർത്തനത്തിൽ കാണുന്നത് വചനം ശ്രവിച്ചവർ എന്നാണ്. എന്നാൽ മൂലഭാഷയിൽ വചനം സ്വീകരിച്ചവർ എന്നാണ് കൊടുത്തിരിക്കുന്നത്. വചനസ്വീകരണമാണ് സഭാസമൂഹത്തിന്റെ അടിസ്ഥാന സവിശേഷത. ആദിമക്രൈസ്തവരുടെ ജീവിതശൈലി ഇപ്രകാരമാണ് വിവരിക്കുന്നത്: "അവർ ശ്ലീഹന്മാരുടെ പ്രബോധനം, ... എന്നിവയിൽ സദാ താല്പ

ര്യപൂർവ്വം പങ്കുചേർന്നു" (ശ്ലീഹ 2,42). വചന സ്വീകരണമാണ് ശ്ലീഹന്മാരുടെ പ്രബോധനത്തിലൂടെ നടന്നത്. കാരണം വചനം മാംസമായ ഈശോയെ കണ്ടവരും കേട്ടവരും അനുഭവിച്ചവരും (1 യോഹ 1,1-3) പന്ത്രണ്ടു ശ്ലീഹന്മാരാണ്. അവരുടെയും അവരുടെ പിൻഗാമികളുടെയും പ്രബോധനത്തിലൂടെയാണ് ഇന്നും സഭയിൽ വചനസ്വീകരണം നടക്കുന്നത്. അതുകൊണ്ട് സഭയുടെ ശ്ലൈഹികപ്രബോധനംകൂടാതെ ഇന്ന് വചനസ്വീകരണം സാധ്യമല്ല. അപ്രകാരം സഭയുടെ ഔദ്യോഗിക പ്രബോധനത്തിന്റെ വെളിച്ചത്തിൽ വചനാധിഷ്ഠിതജീവിതം നയിക്കുന്ന സമൂഹമാണ് സഭ. അതുകൊണ്ട് സഭാംഗങ്ങളെന്ന നിലയിൽ നാം നിരന്തരം ഈ വചനാധിഷ്ഠിതജീവിതം നയിക്കണം.

## സഭ: ത്രിത്വൈക കൂട്ടായ്മയിൽ ഒന്നായിരിക്കുന്ന സമൂഹം

ദൈവം ഒന്നേയുള്ളു. ആ ദൈവത്തിൽ മൂന്നാളുകളുണ്ട്. പിതാവും പുത്രനും പരിശുദ്ധാത്മാവും. അതുകൊണ്ട് ദൈവം ഒരു കൂട്ടായ്മയാണ്. അതും പിതൃപുത്രബന്ധത്തിന്റെ സ്വഭാവമുള്ള ഒരു കൂട്ടായ്മ. ദൈവത്തിന്റെ ഈ കൂട്ടായ്മയിലേക്കാണ് മാമ്മോദീസായിലൂടെ സഭാംഗങ്ങളെല്ലാം പ്രവേശിക്കുന്നത്. മത്തായി ശ്ലീഹായുടെ സുവിശേഷത്തിൽ ഈശോ ശ്ലീഹന്മാർക്ക് പ്രേഷിതദൗത്യം നല്കുന്നത് ഇപ്രകാരമാണ്: "ആകയാൽ, നിങ്ങൾപോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ". അത് എപ്രകാരം വേണമെന്നാണ് തുടർന്നു പറയുന്നത്: "പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്കു മാമ്മോദീസാ നല്കുവിൻ" (മത്താ 28,19-20). ഇവിടെ മാമ്മോദീസായെപ്പറ്റി പറയുമ്പോൾ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ എന്നത് "നാമത്തിലേക്ക്" എന്നാണ് മൂലഭാഷയിൽ പറയുന്നത്. നാമം വ്യക്തിയെ സൂചിപ്പിക്കുന്നതുകൊണ്ട് പിതാവും പുത്രനും പരിശുദ്ധാത്മാവുമായ മൂന്നാളുകളുടെ കൂട്ടായ്മയിലേക്ക് അവരെ പ്രവേശിപ്പിക്കുക എന്നാണ് അർത്ഥമാക്കുന്നത്. അതുകൊണ്ട് മാമ്മോദീസായിലൂടെ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും കൂട്ടായ്മയിലേക്കാണ് സഭാംഗങ്ങൾ പ്രവേശിപ്പിക്കപ്പെടുന്നത്. ത്രിത്വൈക കൂട്ടായ്മയിലേക്ക് പ്രവേശിപ്പിക്കപ്പെട്ടവരെന്ന നിലയിൽ ഈ കൂട്ടായ്മ പുലർത്തിക്കൊണ്ടു ജീവിക്കുവാൻ സഭാംഗങ്ങളെല്ലാം വിളിക്കപ്പെട്ടിരിക്കുന്നു.

## സഭ: കുടുംബാരൂപിയിൽ ഒന്നായിരിക്കേണ്ട സമൂഹം


ഈശോയുടെ പ്രാർത്ഥനയിൽ ഇപ്രകാരം പറയുന്നു: "... അങ്ങ് എന്നിലും ഞാൻ അങ്ങയിലും ആയിരിക്കുന്നതുപോലെ അവരും നമ്മിലായിരിക്കുന്നതിനും ... നാം ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നായിരിക്കേണ്ടതിന്..." (യോഹ 17,21-22). ത്രിത്വൈകകൂട്ടായ്മ പിതൃപുത്രബന്ധത്തിന്റെ സ്വഭാവമുള്ളതാണെന്ന് ഇതു സൂചിപ്പിക്കുന്നു. ദൈവം പിതാവാണെന്നുള്ളത് ഈശോയുടെ വെളിപ്പെടുത്തലിന്റെ മുഖ്യവിഷയമാണ് (യോഹ 1,18). ദൈവത്തിന്റെ പിതൃത്വം ക്രിസ്തീയവിശ്വാസത്തിന്റെ തനിമയാണ്. 'ഞങ്ങളെ പ്രാർത്ഥിക്കാൻ പഠിപ്പിക്കണമേ' എന്ന് ശിഷ്യന്മാർ ആവശ്യപ്പെട്ടപ്പോൾ, ''നിങ്ങൾ ഇങ്ങനെ പ്രാർത്ഥിക്കുവിൻ: പിതാവേ'' എന്നാണ് ഈശോ പഠിപ്പിച്ചത് (ലൂക്കാ 11,1-4). അതായത്, ദൈവമനുഷ്യബന്ധം അടിസ്ഥാനപരമായി പിതൃപുത്രബന്ധമാണ് എന്ന് ഇതു സൂചിപ്പിക്കുന്നു. അതുകൊണ്ട് ക്രിസ്തീയസമൂഹം അവശ്യം ദൈവവുമായി പിതൃപുത്രബന്ധവും മനുഷ്യരുമായി സാഹോദര്യബന്ധവും ഉൾക്കൊള്ളുന്നതാണ്. സഭ ഒരു കുടുംബമാണ്. ദൈവപിതാവും ദൈവമക്കളാകുന്ന മനുഷ്യരും തമ്മിലുള്ള പിതൃപുത്രബന്ധവും മനുഷ്യർ പരസ്പരമുള്ള സാഹോദര്യബന്ധവും ഉൾക്കൊള്ളുന്ന ഒരു കുടുംബം. ഈയൊരു ബന്ധം പുലർത്തുന്ന കുടുംബാരൂപിയിൽ ജീവിക്കുവാൻ സഭാംഗങ്ങൾ കടപ്പെട്ടിരിക്കുന്നു. ഇപ്രകാരം കുടുംബാരൂപി ജീവിച്ചാൽമാത്രമേ മിശിഹായെ ലോകം അറിയത്തക്കവിധത്തിൽ സഭാജീവിതം ഒരു സാക്ഷ്യമായിത്തീരുകയുള്ളു.

**സഭ: ദൈവസ്നേഹവും പരസ്നേഹവും ജീവിക്കുന്ന സമൂഹം**

കുടുംബാരൂപിയുടെ അന്തഃസത്ത സ്നേഹമാണ്. ത്രിത്വൈക ദൈവത്തെത്തന്നെ സ്നേഹമായിട്ടാണ് യോഹന്നാൻശ്ലീഹാ അവതരിപ്പിക്കുന്നത്: "ദൈവം സ്നേഹമാണ്" (1 യോഹ 4,16). ദൈവം പിതാവാണെങ്കിൽ ദൈവത്തോടുള്ള മനുഷ്യരുടെ പിതൃപുത്ര ബന്ധം പ്രായോഗികമാകേണ്ടത് ദൈവവുമായുള്ള മക്കൾക്കടുത്ത സ്നേഹബന്ധത്തിലാണ്. അതുപോലെതന്നെ മനുഷ്യർ തമ്മിലുള്ള സ്നേഹം പ്രകടമാകേണ്ടതും ഒരേ പിതാവിന്റെ മക്കൾ തമ്മിലുള്ള സാഹോദര്യബന്ധത്തിലാണ്. ഇപ്രകാരം ദൈവസ്നേഹവും പരസ്നേഹവും പ്രാവർത്തികമാകുന്ന സമൂഹമായിരിക്കണം സഭ.

**സഭ: ദൈവികമഹത്ത്വം പ്രതീക്ഷിച്ചു മുന്നേറുന്ന സമൂഹം**

ഈശോ ഇങ്ങനെ പ്രാർത്ഥിക്കുന്നു: "പിതാവേ, ലോകസ്ഥാപനത്തിനുമുമ്പ്, എന്നോടുള്ള അവിടുത്തെ സ്നേഹത്താൽ അങ്ങ് എനിക്കു മഹത്ത്വം നല്കി. അങ്ങ് എനിക്കു നല്കിയവരും അതു കാണാൻ ഞാൻ ആയിരിക്കുന്നിടത്ത് എന്നോടുകൂടെ അവരും ആയിരിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു" (യോഹ 17,24). ക്രിസ്തീയജീവിതത്തിന്റെ ആത്യന്തികലക്ഷ്യം സ്വർഗ്ഗീയമഹത്ത്വമാണ്. ത്രിയേകദൈവത്തിന്റെ കുടുംബസ്വഭാവമുള്ള സ്നേഹത്തിന്റെ പൂർണ്ണത അനുഭവവേദ്യമാകുന്ന മഹത്ത്വം. സഭാംഗങ്ങളെല്ലാവരും ആ മഹത്ത്വത്തിൽ പങ്കുചേരണമെന്ന് ഈശോ ആഗ്രഹിക്കുന്നു; പ്രാർത്ഥിക്കുന്നു. അതുകൊണ്ട് ക്രിസ്തീയജീവിതം പ്രതീക്ഷാനിർഭരമായ ഒരു ജീവിതമാണ്. ഉത്ഥാനത്തിലൂടെ ദൈവപുത്രനായ ഈശോ ദൈവപിതാവിന്റെ മഹത്ത്വത്തിലേക്കു പ്രവേശിച്ചതുപോലെ ദൈവമക്കളായ നമ്മളെല്ലാവരും ഈ ദൈവികമഹത്ത്വത്തിൽ പങ്കുചേരുവാൻ വിളിക്കപ്പെട്ടവരാണ്. ഈ മഹത്ത്വത്തിൽ പങ്കുചേരാമെന്ന പ്രതീക്ഷ ക്രിസ്തീയജീവിതത്തിന്റെ അടിസ്ഥാന സ്വഭാവമാണ്. കിഴക്കോട്ടു തിരിഞ്ഞു പ്രാർത്ഥിക്കുന്ന ക്രിസ്തീയപാരമ്പര്യം ഈ പ്രത്യാശയുടെ പ്രകാശനമാണ്.



# പ്രതീക്ഷയുടെ പുലരി

ഡോ. അനു കുരിശുംമൂട്ടിൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**ക്രൈ**സ്തവ വിശ്വാസത്തിന്റെ കേന്ദ്ര മാണ് മിശിഹായുടെ ഉയിർപ്പ്. "മിശിഹാ ഉയിർപ്പിക്കപ്പെട്ടിട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥമാണ്. നിങ്ങളുടെ വിശ്വാ



സവും വ്യർത്ഥം" എന്ന വി. പൗലോസിന്റെ വാക്കുകൾ അർത്ഥമാക്കുന്നതും മറ്റൊന്നല്ല. മരണത്തെ കീഴടക്കിയവന്റെ വിജയശ്രീലാളിതമായ ഉയിർപ്പുമുതൽ ദൈവപുത്രന്റെ വാഗ്ദാനപൂർത്തീകരണമായ പരി. റൂഹായുടെ ആവാസം വരെയുള്ള രക്ഷാകരരഹസ്യങ്ങൾ ധ്യാനവിഷയമാകുന്ന ഉയിർപ്പുകാലത്തിലെ അമ്പതു ദിവസങ്ങൾ ആരാധനക്രമവത്സരത്തിലെ ഏറ്റവും മഹത്ത്വപൂർണ്ണമായ ദിനങ്ങളുടെ ഓർമ്മപുതുക്കലാണ്. അവിടെ ഉത്ഥിതന്റെ പ്രഭാപൂർവ്വമായ പ്രത്യക്ഷീകരണങ്ങളുണ്ട്. നിരാശരായി പിൻതിരിഞ്ഞു നടന്ന ശിഷ്യസമൂഹത്തെ ശക്തിപ്പെടുത്താൻ ഭക്ഷണം വിളമ്പി കാത്തിരുന്ന ഗുരുവിന്റെ സ്നേഹവാത്സല്യം തുളുമ്പുന്ന നിതാന്ത ജാഗ്രതയുണ്ട്. ലോകാവസാനംവരെ ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും എന്ന കാലദേശങ്ങളെ അതിജീവിക്കുന്ന ദൈവികവാഗ്ദാനമുണ്ട്. ലോകത്തിന്റെ

അതിർത്തികൾവരെ സുവിശേഷത്തിനു സാക്ഷ്യം നൽകാൻ ശിഷ്യസമൂഹത്തിലൂടെ നമുക്കു മുഴുവൻ നൽകപ്പെട്ട ദൈവദത്തമായ വിശുദ്ധ കല്പനയുണ്ട്. ഭൂമിയുടെ മായികവലയത്തിൽ കണ്ണുടക്കാതെ സ്വർഗ്ഗത്തിന്റെ നിസ്സീമശോഭയിലേക്ക് ദൃഷ്ടി ഉയർത്താൻ പ്രചോദിപ്പിക്കുന്ന സ്വർഗ്ഗാരോഹണത്തിന്റെ തകർക്കാനാവാത്ത പ്രത്യാശയുണ്ട്.

ചരിത്രത്തിന്റെ കാലദേശ പരിമിതികളിൽനിന്നു സ്വർഗ്ഗജനപദങ്ങളുടെ, നിത്യരക്ഷയുടെ അനശ്വരതയിലേക്കു വളരുന്ന അത്ഭുതമാണ് ഈശോയുടെ രക്ഷാകര രഹസ്യങ്ങൾ. അതുകൊണ്ടുതന്നെ ആരാധനക്രമവത്സരത്തിലെ വിവിധ കാലങ്ങൾ, ഭൂതകാലത്തിന്റെ വിസ്മൃതിയിലടഞ്ഞ ചില ചരിത്ര സംഭവങ്ങളുടെ ഓർമ്മ പുതുക്കലല്ല, മറിച്ച് നമ്മുടെ അനുദിന ജീവിതവ്യാപാരങ്ങളിൽ അവിടുത്തെ രക്ഷ അനുഭവവേദ്യമാകുന്ന ദൈവിക കരുതലാണ്. കർത്താവിന്റെ ഉയിർപ്പും അവിടുത്തെ പ്രത്യക്ഷീകരണങ്ങളും സ്വർഗ്ഗാരോഹണവുമൊക്കെ ഉയിർപ്പുകാലത്തിലെ വെറും പരിചിന്തന വിഷയങ്ങൾ മാത്രമല്ല, ആരാധനക്രമ ആഘോഷങ്ങളിലൂടെ ആ രഹസ്യങ്ങളൊക്കെ നമുക്കു മുമ്പിൽ പുനരവതരിപ്പിക്കപ്പെടുന്നു. അദൃശ്യമായ ദൈവിക കൃപാവരത്തെ സൂചിപ്പിക്കുക മാത്രമല്ല, നൽകുകയും ചെയ്യുന്ന ദൈവികപ്രവൃത്തിയെന്ന് പരി. സഭ കൂദാശകളെ നിർവചിക്കുന്നത് അതുകൊണ്ടാണ്. ഉയിർപ്പുകാലത്ത് ഉത്ഥിതനോടൊപ്പം സ്വർഗ്ഗാരോഹണമലയിൽ നിത്യജീവനിലേക്കു ദൃഷ്ടി ഉയർത്തി മുന്നേറാനുള്ള വിളിയാണ് നമുക്കുള്ളത് എന്നു സാരം.

ആരാധനക്രമവത്സരത്തിന് ഒരു പ്രായോഗികമാനം കൂടിയുണ്ട്. അനുദിനജീവിതത്തിൽ നാം പുലർത്തേണ്ട ചില നിലപാടുകളിലേക്കു കൂടി ഓരോ കാലവും വിരൽചൂണ്ടുന്നു. മരണത്തെ പരാജയപ്പെടുത്തിയവന്റെ ഓർമ്മയും നിരന്തരസാന്നിധ്യവും ലോകത്തിൽ പ്രത്യാശ വയ്ക്കാതെ ദൈവത്തിൽ ആശ്രയം വയ്ക്കാനുള്ള വെല്ലുവിളിയാണ്. നാം കെട്ടിപ്പൊക്കിയ സംരക്ഷണത്തിന്റെ മഹാസൗധങ്ങൾക്കു മുകളിലൂടെ പ്രളയജലം ഒഴുകി നീങ്ങിയപ്പോൾ ദൈവനിഷേധത്തോളം വളർന്ന മനുഷ്യന്റെ അഹന്തയാണ് ചോദ്യം ചെയ്യപ്പെട്ടത്. വെട്ടിപ്പിടിച്ചും സ്വരുക്കൂട്ടിയും നേടിയെടുത്തതൊക്കെ ഉത്തരമില്ലാത്ത ചോദ്യങ്ങൾക്കു മുമ്പിൽ ഉപയോഗശൂന്യമായി പോകുന്നത് എത്രയോ ആവർത്തി നാം കണ്ടുകഴിഞ്ഞു. ബഹിരാകാശത്തിന്റെ അനന്തവിഹായസോളം വളർന്ന ശാസ്ത്രസാങ്കേതിക വിദ്യ ലോകം കീഴടക്കി വളരുന്ന ഒരു പകർച്ചവ്യാധിയുടെ മുമ്പിൽ ഇന്ന് പരാജയപ്പെട്ടു നിൽക്കുന്നു. നിപ്പയും, കൊറോണയും അരങ്ങു വാഴുന്നിടത്തു അലമാരകളിൽ സൂക്ഷിച്ച നോട്ടുകെട്ടുകൾ വെറും കടലാസുകഷണങ്ങൾ മാത്രം.

സൃഷ്ടപ്രപഞ്ചത്തെ സ്രഷ്ടാവിലേക്കു നയിക്കുന്ന ചൂണ്ടുപലകയായി അവതരിപ്പിച്ച വി. എഫ്രേമിന്റെ ദർശനമാണ് വഴിതെറ്റി നീങ്ങുന്ന ആധുനികലോകത്തിനു നല്കാൻ കഴിയുന്ന യഥാർത്ഥ ഉത്ഥാനസന്ദേശം.

ഉത്ഥാനഗീതങ്ങളിൽ നാം ഇങ്ങനെ വായിക്കുന്നു: ''ഉന്നതതിൽനിന്ന് ദൈവശക്തി നമ്മുടെ പക്കലേക്കിറങ്ങിവന്നു. ഉദരത്തിൽ നിന്ന് പ്രത്യാശ നമുക്കായി പ്രകാശിച്ചു. കല്ലറയിൽനിന്ന് ജീവൻ നമുക്ക് ഉദിച്ചു. വലതുഭാഗത്ത് രാജാവ് നമുക്കുവേണ്ടി ഇരിക്കുന്നു. അവന്റെ മഹത്ത്വം വാഴ്ത്തപ്പെട്ടതാകുന്നു. ഉന്നതത്തിൽനിന്നു നദിപോലെ അവൻ ഒഴുകി. മറിയത്തിൽനിന്ന് വേരിൽ നിന്നെന്നപോലെ അവൻ പൊട്ടിമുളച്ചു. കുരിശിൽ നിന്ന് ഫലസമാനം അവൻ ഇറങ്ങിവന്നു. ആദ്യഫലമായി അവൻ സ്വർഗ്ഗത്തിലേക്ക് കരേറി. അവന്റെ തിരുഹിതം വാഴ്ത്തപ്പെട്ടതാകുന്നു. ഉന്നതത്തിൽ നിന്ന് കർത്താവായി അവൻ താണിറങ്ങിവന്നു. ഉദരത്തിൽനിന്ന് ദാസനെപ്പോലെ അവൻ പുറത്തേക്കു വന്നു. പാതാളത്തിൽ മരണം അവന്റെ

മുമ്പിൽ മുട്ടുകുത്തി. അവന്റെ ഉത്ഥാനത്തിൽ ജീവൻ അവനെ ആരാധിച്ചു. അവന്റെ വിജയം വാഴ്ത്തപ്പെട്ടതാകുന്നു. മറിയം ശിശുവായി അവനെ വഹിച്ചു. പുരോഹിതൻ അർപ്പണ മായി അവനെ വഹിച്ചു. സ്ലീവാ കൊല്ലപ്പെട്ടവ നായി അവനെ വഹിച്ചു. സ്വർഗ്ഗം ദൈവമായി അവനെ വഹിച്ചു. അവന്റെ പിതാവിന് സ്തുതി! അതിഥികളോടൊപ്പം വിവാഹവിരുന്നിൽ അവൻ ചേർന്നു. ഉപവാസകരോടൊപ്പം പരീ ക്ഷകളിൽ അവൻ ചേർന്നു. ജാഗരണം ചെയ്യു ന്നവരോടൊപ്പം പോരാട്ടത്തിൽ അവൻ ചേർന്നു. വിശുദ്ധസ്ഥലത്ത് അവൻ ഒരു പ്രബോ ധകനായിരുന്നു. അവന്റെ പ്രബോധനം വാഴ്ത്തപ്പെട്ടതാകുന്നു. അശുദ്ധരിൽ നിന്ന് അവൻ പിന്മാറിയില്ല. പാപികളിൽ നിന്ന് അവൻ അകന്നുമാറിയില്ല. സത്യസന്ധരിൽ അവൻ അതീവ സന്തുഷ്ടനായിരുന്നു. ഋജുമാനസ്സരിൽ അവൻ വളരെ ആനന്ദിച്ചു. അവന്റെ പ്രബോ ധനം വാഴ്ത്തപ്പെട്ടതാകുന്നു. രോഗികളിൽ നിന്ന് അവൻ തന്റെ പാദവും സാധാരണക്കാ രിൽനിന്ന് തന്റെ വാക്കുകളും പിൻവലിച്ചില്ല. താഴ്ന്നവരിലേക്ക് അവൻ താഴ്ന്നിറങ്ങി. അത്യു ന്നതങ്ങളിലേക്ക് അവൻ കരേറി. അവനെ അയ ച്ചവൻ വാഴ്ത്തപ്പെട്ടവനാകുന്നു. അവന്റെ ജന നമാണ് നമ്മുടെ ശുദ്ധീകരണം. അവന്റെ സ്നാനമാണ് നമ്മുടെ പാപമോചനം. അവന്റെ മരണമാണ് നമ്മുടെ ജീവൻ. അവന്റെ സ്വർഗാ രോഹണമാണ് നമ്മുടെ മഹത്ത്വീകരണം. അവന് എങ്ങനെ നന്ദി പറയാൻ നമുക്കാവും?

കാൽവരിക്കുരിശിലും അരിമത്തിയക്കാ രന്റെ കബറിടത്തിലും ജീവിതം അവസാനിക്കു ന്നില്ല എന്ന തിരിച്ചറിവാണത്. ലാഭനഷ്ടങ്ങ ളുടെ കണക്കുപുസ്തകത്തിൽ വിജയപരാജയ ങ്ങളുടെ ഗതി നിർണയിക്കുന്ന ലോകസങ്കല്പ ങ്ങൾക്കു കടകവിരുദ്ധമാണത്. ഉത്ഥിതന്റെ സഭയ്ക്ക് സ്വർഗ്ഗമാണ് മാനദണ്ഡം. നസ്രാ യന്റെ പിൻഗാമികൾക്കു ദൈവമാണ് ആധാര ശില.

മരണത്തെ പരാജയപ്പെടുത്തിയവന്റെ ഓർമ്മയും നിരന്തരസാന്നിധ്യവും ലോക ത്തിൽ പ്രത്യാശവയ്ക്കാതെ ദൈവത്തിൽ ആശ്രയം വയ്ക്കാനുള്ള തിരുത്തൽ ശക്തി യായി എന്നും നമ്മോടൊപ്പം ഉണ്ടാകട്ടെ. ലൗകിക നേട്ടങ്ങൾക്കു വേണ്ടിയുള്ള നെട്ടോട്ടം നമുക്ക് അവസാനിപ്പിക്കാം. നിത്യതയുടെ സനാ തനശോഭയിലേക്കു കണ്ണുകൾ ഉയർത്താം.




## നിന്നെയും വിളിക്കുന്നു.....

☞ നിന്റെ സ്നേഹം ആവശ്യമുള്ള ഒരു ലോകത്തിലേക്ക്....

☞ വിശുദ്ധിയിലേക്ക് നമ്മെ വിളിച്ചിരിക്കുന്ന ദൈവപിതാവിന്റെ വ്യവസ്ഥയില്ലാത്ത സ്നേഹം വചനാനുഭവത്തിലൂടെ പങ്കു വയ്ക്കുവാൻ....

☞ കർമ്മമാർഗ്ഗത്തിലൂടെ ഈശ്വരാനുഭവത്തിലേക്ക് മനുഷ്യമ ക്കളെ കൂട്ടിക്കൊണ്ടുവരാൻ....

**ഇതാ നിന്റെ മുമ്പിൽ വെല്ലുവിളിയുടെ ഒരു ജീവിതം....**

**Vocation Promoter, Apostolic Oblates, Spirituality Centre**
**Manganam P.O., Kottayam - 686 018, Ph: 0481-2578192**

# വിശ്വാസവഴിയേ ഉത്ഥാനമഹത്ത്വത്തിലേക്ക്

**ഫാ. ജോർജ്ജ് തെരുവുംകുന്നേൽ**
കാഞ്ഞിരപ്പള്ളി രൂപത

**മി**ശിഹായുടെ പീഡാനുഭവത്തെയും കുരിശുമരണത്തെയും ഉത്ഥാനത്തെയും കുറിച്ച് വി. മർക്കോസ് നൽകുന്ന വിവരണം വിശ്വാസജീവിതത്തിൽ ആഴത്തിൽ വളരുന്നതിന് സഹായകമാണ്. വായനക്കാരനെ ആശ്ചര്യപ്പെടുത്തുന്ന വിധത്തിലുള്ള ചില സംഭവവികാസങ്ങൾ വി. മർക്കോസ് സുവിശേഷകന്റെ ഉത്ഥാന വിവരണത്തിൽ, മർക്കോ 16-ാം അധ്യായത്തിൽ നമുക്ക് കാണാനാകും.

മിശിഹായുടെ പരസ്യജീവിതകാലം ഏതൊരു മനുഷ്യനും അവിടുന്നിൽ വിശ്വസിക്കുവാൻ ആവശ്യമായ അറിവും അനുഭവങ്ങളും നൽകിയിട്ടുണ്ട്. ഈശോയെ അനുഗമിച്ച ശിഷ്യരും മറ്റുള്ളവരും ഈശോ പ്രവർത്തിച്ച അടയാളങ്ങളും അത്ഭുതങ്ങളും നേരിൽ കണ്ട് ബോധ്യപ്പെട്ടതാണ്. കാനായിൽ വെള്ളം വീഞ്ഞാക്കിയതുമുതൽ രോഗികളെ സുഖപ്പെടുത്തുന്നതും കടലിനെ ശാന്തമാക്കുന്നതും അപ്പം വർദ്ധിപ്പിക്കുന്നതുമെല്ലാം നേരിൽ കണ്ട ശിഷ്യന്മാർക്കും മറ്റുള്ളവർക്കും അവിടുന്നിൽ വിശ്വസിക്കുവാൻ ഇതിൽപരം എന്ത് തെളിവുകളാണ് വേണ്ടത്. എന്നാൽ ഈ അത്ഭുതങ്ങൾ കണ്ടതുകൊണ്ടുമാത്രം അവരുടെ വിശ്വാസം വർദ്ധിക്കുകയില്ല എന്ന് ഈശോ മനസിലാക്കിയിരുന്നോ എന്ന് നാം സംശയിക്കേണ്ടിരിക്കുന്നു. അതുകൊണ്ടാവാം ഒരുപക്ഷേ അത്ഭുതങ്ങൾ പ്രവർത്തിച്ചശേഷം പലപ്പോഴും അവിടുന്നു പറയുന്നത് "നിങ്ങൾ ഇത് ആരെയും അറിയിക്കരുത്" എന്ന്.

ഈശോ പ്രവർത്തിച്ച വലിയ അത്ഭുതങ്ങൾക്ക് സാക്ഷ്യം വഹിച്ചവർ തീർച്ചയായും അവിടുത്തെ പീഡാസഹന, മരണ, ഉത്ഥാനത്തെക്കുറിച്ചുള്ള പ്രബോധനങ്ങൾ ശ്രവിച്ചിട്ടുണ്ട്. അത്ഭുതങ്ങൾ കണ്ട് അവിടുന്നിൽ വിശ്വസിച്ചവർ അവിടുന്ന് പ്രവചിച്ച പീഡാസഹനവും മരണവും ഉത്ഥാനവും പ്രതീക്ഷാപൂർവം കാത്തിരിക്കേണ്ടതാണ്. അവിടുത്തെ പ്രബോധനങ്ങൾ ഗ്രഹിച്ചവർ പീഡാസഹനത്തിലും കുരിശുമരണത്തിലും ഒട്ടും പതറിപ്പോകേണ്ടതല്ല. എന്നാൽ കുരിശുമരണശേഷം അവിടുന്ന് അരുൾചെയ്തതുപോലെ മൂന്നാംനാൾ തിന്മയ്ക്കുമേൽ വിജയംവരിച്ച് ഉയിർത്തെഴുന്നേൽക്കുന്നതിനു സാക്ഷ്യംവഹിക്കാനും അവിടുത്തെ ഉയിർപ്പ് ആഘോഷിക്കാനുമുള്ള ഒരുക്കങ്ങൾ ചെയ്യുവാനുമാണ് അവിടുത്തെ പ്രബോധനങ്ങൾ ശ്രവിച്ചവർ സ്വാഭാവികമായും ശ്രദ്ധിക്കേണ്ടിയിരുന്നത്.


നമ്മുടെ പ്രതീക്ഷകൾക്കു വിരുദ്ധമായാണ് മർക്കോസ് സുവിശേഷകൻ ഈശോയുടെ അറസ്റ്റ് മുതൽ ഉത്ഥാനംവരെയുള്ള രംഗങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നത്. ഈശോയെ അറസ്റ്റ് ചെയ്തതോടുകൂടി അവിടുത്തെ അനുഗമിച്ചവർ ഓടിമറയുകയാണ്. "അപ്പോൾ ശിഷ്യന്മാരെല്ലാവരും അവനെവിട്ട് ഓടിപ്പോയി" (മർക്കോ 14,50). അത്ഭുതങ്ങൾക്ക് കൈയടിച്ചവർ കുരിശിലേക്കുള്ള യാത്രയിൽ കൂടെയില്ല. അത്ഭുതങ്ങൾ കണ്ട് വിശ്വസിക്കുന്നവരെ ഈശോയ്ക്ക് വിശ്വാസമില്ലെന്ന് യോഹന്നാൻ സുവിശേഷകൻ രേഖപ്പെടുത്തുന്നുണ്ട് (യോഹ 2,23-24). അവിടുന്നിൽ വിശ്വസിക്കേണ്ടത് അത്ഭുതങ്ങൾ കണ്ടിട്ടല്ല എന്ന് അവിടുന്ന് ഈ സംഭവങ്ങളിലൂടെ പറയാതെ പറയുകയാണോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

പീഡാസഹനത്തിന്റെയും കുരിശുമരണത്തിന്റെയും സമയത്ത് ഈശോയിലുള്ള വിശ്വാസം നഷ്ടപ്പെട്ട് ഓടിപ്പോയവർ തീർച്ചയായും അവിടുത്തെ ഉത്ഥാനമെന്ന വലിയ അത്ഭുതത്തിന് സാക്ഷ്യം വഹിക്കുമ്പോൾ അവനിൽ വിശ്വസിക്കേണ്ടതാണ്. അവിടുന്ന് ഉയിർക്കുമെന്ന് ഒരു പ്രതീക്ഷയും ശിഷ്യർക്ക്

ഇല്ലാതിരുന്നതുകൊണ്ടാവാം, വി. മർക്കോസിന്റെ വിവരണത്തിൽ ശിഷ്യന്മാർ അവിടുത്തെ കല്ലറ സന്ദർശിക്കാൻ മൂന്നാംദിവസം പോകുന്നതായി കാണുന്നില്ല. ഏതാനും സ്ത്രീകൾ അവിടുത്തോടുള്ള സ്നേഹം മൂലമാവാം അവിടുത്തെ 'മൃതദേഹത്ത്' പുരട്ടുന്നതിനുള്ള സുഗന്ധദ്രവ്യങ്ങളുമായി കല്ലറയിലേക്ക് പോകുന്നുണ്ട്. അവർക്കും ഈശോ ഉയിർക്കുമെന്ന് പ്രതീക്ഷയില്ല. കല്ലറയുടെ മുമ്പിലെ കല്ല് ആര് ഉരുട്ടിമാറ്റും എന്നതാണ് പോകുംവഴി അവർ ചർച്ച ചെയ്യുന്നത്. ഈശോയുടെ കല്ലറയിൽ ചെന്ന് അവിടുന്ന് ഉയിർത്തു എന്ന് ബോധ്യപ്പെട്ട ആ സ്ത്രീകൾക്കുപോലും തങ്ങൾ കണ്ടത് വിശ്വസിക്കാൻ സാധിച്ചില്ല. "അവൾ ശവകുടീരത്തിൽനിന്നും... അത്യന്തം ഭയപ്പെട്ടിരുന്നു" (മർക്കോ 16,18). അവിടുത്തെ ഉത്ഥാനമെന്ന വലിയ അത്ഭുതം കണ്ടവർക്കുപോലും വിശ്വസിക്കാനും അവിടുത്തേക്ക് സാക്ഷ്യംവഹിക്കാനും കഴിയുന്നില്ല.

വി. മർക്കോസ് സുവിശേഷകന്റെ ഉത്ഥാനവിവരണത്തിൽ ശിഷ്യന്മാരുടെയും മറ്റു ഭക്തസ്ത്രീകളുടെയും വിശ്വാസവഴിയിലെ പരാജയചിത്രം കൂടി അനാവൃതമാകുന്നുണ്ടെന്ന് നമുക്കു മനസിലാകും. ഇപ്രകാരം വിശ്വാസവഴിയിൽ കാലിടറിയ ശിഷ്യർതന്നെ പിന്നീട് പന്തക്കുസ്തായ്ക്കുശേഷം മിശിഹായ്ക്കു സാക്ഷ്യം നൽകി, ആഴമായ വിശ്വാസത്തിലേക്ക് കടന്നുവരുന്നത് നമ്മുടെ വിശ്വാസജീവിതയാത്രയിൽ വെളിച്ചം നൽകേണ്ടതാണ്. അത്ഭുതങ്ങളുടെയും ആരവങ്ങളുടെയും നാളുകൾക്കുശേഷം സെഹിയോൻ മാളികയിൽ അടച്ചിരുന്ന് ആഴമായ പ്രാർത്ഥനയിൽ മുഴുകുമ്പോഴാണ് അവർ പരിശുദ്ധാത്മാവിനാൽ ശക്തിപ്രാപിച്ച് വിശ്വാസത്തിന്റെ സാക്ഷികളായി മാറുന്നത്. അത്ഭുതങ്ങൾ കണ്ട് മിശിഹായിൽ വിശ്വസിച്ച് പിന്നീട് കുരിശിന്റെ വഴിയിൽ അവിടുത്തെ ഉപേക്ഷിച്ച് ഓടിപ്പോയ ശിഷ്യരുടെ ചിത്രത്തോടൊപ്പം അവിടുത്തെ ഉത്ഥാനത്തിനുശേഷം കതകടച്ചിരുന്ന് പ്രാർത്ഥനയിൽ മുഴുകി അത്ഭുതങ്ങളുടെ അകമ്പടികളില്ലാതെതന്നെ വിശ്വാസത്തിന്റെ സാക്ഷികളായി മാറിയ പന്ത്രണ്ടുപേരുടെ ചിത്രംകൂടി നമ്മുടെ മനസ്സിലുണ്ടാവണം.

ആഴമായ പ്രാർത്ഥനയുടെ പിൻബലത്തോടെ മിശിഹായുടെ ഉയിർപ്പ് ധ്യാനവിഷയമാക്കുമ്പോഴാണ് അതു നമുക്ക് രക്ഷാകരമാവുന്നത്. അടുത്തയിടയായി നമ്മുടെ സമൂഹത്തിൽ കണ്ടുവരുന്ന അത്ഭുതങ്ങൾ തേടിയുള്ള വിശ്വാസികളുടെ പരക്കംപാച്ചിൽ, ശരിയായ വിശ്വാസത്തിൽ വളരുവാൻ ഒരുവനെ എത്രത്തോളം സഹായിക്കും എന്നത് സംശയമാണ്. അത്ഭുതങ്ങൾ കണ്ട് വിശ്വസിക്കുന്നവർക്ക് ജീവിതത്തിൽ കുരിശിന്റെ വഴികൾ ഉണ്ടാകുമ്പോൾ അതിനുശേഷമുള്ള ഉത്ഥാനത്തെക്കുറിച്ചുള്ള ചിന്ത നഷ്ടപ്പെട്ട് വിശ്വാസത്തിൽ കാലിടറുവാൻ ഇടയുണ്ട്. ഈ നോമ്പുകാലം ആഴമായ പ്രാർത്ഥനയുടെ ദിനങ്ങളാക്കി മാറ്റാം. തീവ്രമായ പ്രാർത്ഥനയിലൂടെ നേടിയെടുക്കുന്ന പരിശുദ്ധാത്മാവിന്റെ ചൈതന്യത്താൽ നിറഞ്ഞ് മിശിഹായുടെ തിരുവുത്ഥാനം നമുക്ക് ആചരിക്കാം. ഉത്ഥിതനായ മിശിഹാ നമ്മെ അനുഗ്രഹിക്കട്ടെ.



# സെനക്കിൾ തരംഗം

### സന്ദേശം

മിശിഹായിൽ പ്രിയപ്പെട്ട വൈദികസഹോദരരേ,

ആരാധനക്രമവത്സരത്തിൽ ഉയിർപ്പുകാലത്തേക്ക് നാം പ്രവേശിക്കുകയാണല്ലോ. മിശിഹായുടെ ഉത്ഥാനം നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാനമാണ് (1 കോറി 15,14). വിശ്വാസികളിൽ പലരും ഉത്ഥിതനായ മിശിഹായിൽ വിശ്വസിക്കുന്നതിനെക്കാളുപരി ചരിത്രപുരുഷനായ മിശിഹായിൽ വിശ്വസിക്കുന്നവരായി കാണപ്പെടുന്നു. ഈശോയുടെ ചരിത്രപരമായ ജീവിതരഹസ്യങ്ങൾ അധിഷ്ഠിതമായ ഒരു ബന്ധമാണ് പലരും ഈശോയുമായി സ്ഥാപിക്കുന്നത്. ഉത്ഥാനത്തിലൂടെ ഈശോ ഇന്ന് ജീവിക്കുന്നവനും ജീവദാതാവുമായ അരൂപിയായി മാറി എന്നുള്ള വസ്തുത പലരും വിസ്മരിക്കുന്നു. നമ്മുടെ പല ഭക്തകൃത്യങ്ങളും ഭക്താനുഷ്ഠാനങ്ങളും തിരുനാളാഘോഷങ്ങളും കൂടുതലും ചരിത്രപുരുഷനായ ഈശോയുമായി നമ്മെ ബന്ധപ്പെടുത്തുന്നതാണല്ലോ. ഉത്ഥിതനായ മിശിഹാ മറിയം മഗ്ദലേനയ്ക്കു പ്രത്യക്ഷപ്പെട്ട സംഭവം ഇതേപ്പറ്റിയുള്ള ഒരു മുന്നറിയിപ്പാണ്. ഈശോ മരണത്തിനുമുമ്പുള്ള ജീവിതത്തിലേക്കു തിരിച്ചുവന്നതായി തെറ്റിദ്ധരിച്ച് അവൾ ഈശോയെ സമീപിച്ചു. അപ്പോൾ ഈശോ അവളുടെ ധാരണയെ തിരുത്തുന്നു. 'നീ ഇങ്ങനെ എന്നോടു ബന്ധപ്പെട്ടു നില്ക്കരുത് എന്നും എന്റെ സഹോദരരുടെ പക്കലേക്കു പോയി ഉത്ഥാനരഹസ്യം അവരെ അറിയിക്കുക' എന്നും ഈശോ പറയുന്നു. ഇനി അവൾ അന്വേഷിക്കേണ്ടത് ചരിത്രത്തിൽ ജീവിച്ച ഈശോയെയല്ല സഭയിൽ ഇന്നു ജീവിക്കുന്ന ഉത്ഥിതനായ ഈശോയെയാണ് എന്നാണിതിനർത്ഥം. അതുകൊണ്ട് ഈയൊരു യാഥാർത്ഥ്യത്തെപ്പറ്റി ഉദ്ബോധിപ്പിച്ചുകൊണ്ട് കൂദാശാകേന്ദ്രീകൃതമായ ജീവിതം നയിച്ച്, സഭയിൽ ജീവിക്കുന്ന ഈശോയുമായി ബന്ധപ്പെട്ടു ജീവിക്കുവാൻ വിശ്വാസികളെ പരിശീലിപ്പിക്കണം. എല്ലാവർക്കും ഉയിർപ്പുതിരുനാളിന്റെ ആശംസകൾ!

**മല്പാൻ മാത്യു വെള്ളാനിക്കൽ**
**ജനറൽ മേജർ ഫാദർ**

### വാർത്തകൾ

മാസംതോറും സ്പിരിച്ച്വാലിറ്റി സെന്റർ കേന്ദ്രമാക്കി നടത്താറുള്ള സെനക്കിൾ സമ്മേളനം മാർച്ച് 10-11 തീയതികളിൽ നടത്തുകയുണ്ടായി. ജനറൽ മേജർ ഫാദർ ബഹു. മല്പാൻ മാത്യു വെള്ളാനിക്കലച്ചന്റെ പൗരോഹിത്യസ്വീകരണത്തിന്റെ 60-ാം വാർഷികം 2020 മാർച്ച് 12 ന് ആയിരുന്നു. അതു പ്രമാണിച്ച് മാർച്ച് 11 ന് രാവിലെ 6.30 ന് മല്പാനച്ചൻ സെനക്കിൾ കൂട്ടായ്മയിലുള്ള ബഹു. വൈദികരോടൊപ്പം പരി. കുർബാന അർപ്പിച്ച് ദൈവത്തിനു നന്ദി പ്രകാശിപ്പിച്ചു. അതേത്തുടർന്ന് പൗരോഹിത്യവാർഷികത്തോടനുബന്ധിച്ച് ബഹു. മല്പാനച്ചൻ എഴുതിയ "പുരോഹിതൻ: വ്യക്തിത്വവും ദൗത്യവും" എന്ന പുസ്തകം സന്നിഹിതരായവർക്കെല്ലാം നല്കുകയുണ്ടായി. പ്രസ്തുത പുസ്തകത്തിന്റെ പ്രകാശനകർമ്മം മാർച്ച് 12 ന് സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിലെ പ്രൊഫസേഴ്സിനൊപ്പം സന്നിഹിതരായവരുടെ സാന്നിദ്ധ്യത്തിൽ, പൗരസ്ത്യവിദ്യാപീഠം പ്രസിഡന്റ് പെരിയ ബഹു. ആൻഡ്രൂസ് മേക്കാട്ടുകുന്നേൽ അച്ചൻ സെമിനാരിയുടെ പുതിയ റെക്ടറായ പെരിയ ബഹു. സ്കറിയാ കന്യാകോണിൽ അച്ചനു നല്കി നിർവഹിച്ചു.

-സെനക്കിൾ വൈദികകൂട്ടായ്മയിൽ പങ്കുചേരുവാൻ താല്പര്യമുള്ളവർ, *സെനക്കിൾ തരംഗം, സ്പിരിച്ച്വാലിറ്റി സെന്റർ, മാങ്ങാനം പി.ഒ., കോട്ടയം-686 018* എന്ന വിലാസത്തിൽ ബന്ധപ്പെടുക.

# ഉത്ഥാനത്തിന്റെ പ്രതീക്ഷ

**വത്സമ്മ മുളവന**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**നോ**മ്പുകാലത്തിലൂടെ കടന്ന് നാം ഉയിർപ്പുകാലത്തിൽ എത്തിയിരിക്കുന്നു. 'സന്തോഷത്തിന്റെയും വിജയാഹ്ലാദത്തിന്റെയും ദിനമാണ് ഉത്ഥാനഞായർ. ഈ ലോകത്തിലെ വേദനകൾ ഒന്നും, മരണംപോലും, ഒന്നിന്റെയും അവസാനം അല്ല എന്ന് ഈസ്റ്റർ നമ്മെ ഓർമ്മപ്പെടുത്തുന്നു. ഈശോ ഉത്ഥാനത്തിലൂടെ മരണത്തിന്മേലുള്ള വിജയം നേടിത്തന്നു.

പ്രതീക്ഷയുടെ ഉറവിടമാണ് ഉത്ഥാനം. ഇരുളിലാണ്ടു കിടന്നവ ദൈവിക പ്രകാശത്താൽ പ്രഭാപൂരിതമായി. മരണത്തെ കീഴടക്കിയ ദിവ്യപ്രകാശമാണ് ഈശോ. "അവൻ ഇവിടെയില്ല. അരുളിച്ചെയ്തതുപോലെ ഉയിർത്തെഴുന്നേറ്റു" (മത്താ 28,6) എന്ന് ദൈവത്തിന്റെ മാലാഖ അന്നു പറഞ്ഞത് ഇന്ന് നമ്മോടും ആവർത്തിക്കുന്നു. ഈശോയുടെ കല്ലറയുടെ മുമ്പിൽ എടുത്തുമാറ്റാൻ സാധിക്കാത്ത രീതിയിൽ ഒരു വലിയ കല്ലുവച്ച് അടച്ച് യഹൂദർ മുദ്രവെച്ച് ഭദ്രമാക്കിയതാണ്. കൂടുതൽ ഉറപ്പിനുവേണ്ടി കാവൽക്കാരെയും നിറുത്തി. യഹൂദരാജാവ് എന്നു വിശേഷിപ്പിക്കുന്ന ആ അസാധാരണ മനുഷ്യനെ കൊന്ന് കല്ലറയിൽ വെച്ചുമൂടിയതിലൂടെ എല്ലാം പൂർത്തിയായി, ഈശോയുടെ ചരിത്രം അവസാനിച്ചു എന്ന് യഹൂദർ ആശ്വസിച്ചു. വി. മത്തായി സുവിശേഷകൻ പറയുന്നതുപോലെ മുദ്രിതമാക്കപ്പെട്ട ആ വലിയ കല്ല് കർത്താവിന്റെ ദൂതൻ ഉരുട്ടി മാറ്റി. അങ്ങനെ പുതിയ ഒരു ചരിത്രത്തിന് ആരംഭം കുറിച്ചു. അത് ഉത്ഥിതനായ ഈശോമിശിഹായുടെ ചരിത്രമാണ്. പൂർണമായും പുതുമയായ, നവീനമായ ഒരു യാഥാർത്ഥ്യത്തിന് ഉത്ഥിതനായ ഈശോ ആരംഭം കുറിക്കുന്നു. ഈശോയുടെ വ്യക്തിപരമായ ഉത്ഥാനം മാത്രമല്ല നാം കാണുന്നത്, മറിച്ച്, ഉത്ഥിതനോടുകൂടി തുറക്കപ്പെട്ട ഒരു പുതിയ ലോകം, കല്ലറയിൽനിന്ന് ജനിച്ച ഈ പുതിയ ലോകം മനുഷ്യന്റെ ചരിത്രത്തിൽ പ്രവേശിക്കുന്നതും നാം കാണുന്നു. എങ്ങനെയെന്നാൽ ആ നിമിഷത്തിൽത്തന്നെ സഭയുടെ ജീവിതം ആരംഭിക്കുന്നു. ഈശോയുടെ മരണത്തോടെ ഇത് അണഞ്ഞുപോയെന്നു കരുതിയിരുന്നു. എന്നാൽ ഉയിർത്തെഴുന്നേറ്റ ഈശോയോടുകൂടി സുവിശേഷവൽക്കരണം ആരംഭിക്കുന്നു. പൗരോഹിത്യത്തിന്റെയും വി. കുർബാനയുടെയും കൂദാശകൾ ആരംഭിക്കുന്നു. സഭയുടെ വ്യാപനവും ആരംഭിക്കുന്നു.

"ദൈവമേ, അവിടുത്തെ ഹിതം നിറവേറ്റുവാൻ ഇതാ, ഞാൻ വന്നിരിക്കുന്നു" (ഹെബ്രാ 10,7) എന്നു പറഞ്ഞു ലോകത്തിലേക്കു വന്ന

മിശിഹായുടെ അനുസരണാജീവിതത്തിനു പിതാവു നൽകിയ സമ്മാനമാണ് അവിടുത്തെ ഉത്ഥാനം. മനുഷ്യഹൃദയങ്ങളെ യഥാർത്ഥ ആനന്ദത്തിലേക്ക് ഉയർത്തുന്ന പുണ്യദിനമാണ് ഉത്ഥാനഞായർ. ഈശോയുടെ ഉത്ഥാനം കണ്ട് ആശ്ചര്യഭരിതരായിത്തീർന്നവരോടുകൂടെ നമ്മുടെ സന്തോഷവും ഒന്നിച്ചുചേർക്കാം. മഗ്ദലനമറിയം, പരി. കന്യകാമറിയം, എമ്മാവൂസിലേക്കു പോയ ശിഷ്യന്മാർ, മറ്റ് ശ്ലീഹന്മാർ എന്നിവരെയെല്ലാം ഓർമ്മിക്കാം. പ്രതീക്ഷ നഷ്ടപ്പെട്ടിരുന്ന ശിഷ്യസമൂഹത്തിനു ഈശോയുടെ ഉത്ഥാനം വീണ്ടും പ്രതീക്ഷ നൽകുന്നു. മരിച്ച് ഉത്ഥാനം ചെയ്ത ഒരു മനുഷ്യന്റെ വെറും ചരിത്രപരമായ ഓർമ്മയല്ല, ഒരു അനുസ്മരണമാണ് ഉത്ഥാനം - ഈ ഉത്ഥാനം പുതിയ മനുഷ്യരായിത്തീരാൻ നമുക്കും പ്രതീക്ഷ നൽകണം. നമുക്ക് നമ്മുടെ ഹൃദയങ്ങൾ വിശാലമാക്കാം. അടഞ്ഞിരിക്കുന്ന നമ്മുടെ സ്വഭാവപ്രകൃതിയിലോ, ജീവിതത്തിന്റെ അഹംഭാവത്തിലോ എതിർപ്പിന്റേതായ മനോഭാവത്തിലോ ജീവിക്കേണ്ടവരല്ല നമ്മൾ. നമ്മുടെ ഇല്ലായ്മയെ ഉള്ളായ്മയാക്കി മാറ്റുന്ന, ജീവിതം പ്രതീക്ഷയുടെ നറുമലരാക്കിത്തീർക്കുന്ന ഉത്ഥിനായ ഈശോയുടെ കരങ്ങളിലേക്ക് നമ്മെത്തന്നെ



വിട്ടുകൊടുത്തുകൊണ്ടുള്ള ഒരു ജീവിതം നയിക്കാം. സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും, സന്തോഷത്തിന്റെയും വാഹകരാകാം. 'ഗ്ലോറിയ'-ഹല്ലേലുയ്യാ! ഹൃദയത്തിലും ഭൂമിമുഴുവനിലും മുഴങ്ങികേൾക്കുന്ന ഈ സ്തുതി, ഐക്യത്തിന്റെ ഒരു കീർത്തനമാണ്. ഈശോയുടെ ഉത്ഥാനം ഉയിർപ്പിന്റെ പ്രഭാതത്തിൽ മാത്രം ഒതുങ്ങുന്നതല്ല, മറിച്ച് നമ്മുടെ നിരാശകളിൽ പ്രത്യാശയായി, നമ്മുടെ പരാജയങ്ങളിൽ വിജയമായി, നമ്മുടെ കോട്ടങ്ങളിൽ നേട്ടമായി അവിടുന്ന് ഉയിർത്തെഴുന്നേറ്റിരിക്കുന്നു. ഉയിർപ്പിന്റെ അത്യുജ്ജ്വലമായ പ്രകാശം നമ്മിൽ പുതിയ മനോഭാവങ്ങൾ ഉളവാക്കുന്നു.

*ആശ്രയത്വത്തിന്റെ മനോഭാവം*: ഉത്ഥിതനായ ഈശോയിലൂടെ മനുഷ്യചരിത്രത്തിന്, അവന്റെ ജീവിതത്തിന് നിത്യമായ രക്ഷ കൈവന്നു.


*സമാധാനത്തിന്റെ മനോഭാവം*: നമ്മുടെ വേദനയുടെ, ദുഃഖത്തിന്റേതായ വഴികൾ ഉത്ഥിതനായ ഈശോയിൽ അനുഗ്രഹത്തിന്റെ പാതകളായിത്തീരുന്നു. 'നമുക്കു രണ്ടു പാതകളില്ല. നമ്മുടെ ദിവ്യഗുരു സഞ്ചരിച്ച ഒരു പാതയേ ഉള്ളൂ' (വി. ജോൺ പോൾ രണ്ടാമൻ പാപ്പാ).

*നിശബ്ദതയുടെ മനോഭാവം:* പ്രവാചകനായ സെഫാനിയ നമുക്ക് വെളിപ്പെടുത്തിയതുപോലെ ദൈവം അവിടുത്തെ സ്നേഹത്തിന്റെ അത്ഭുതവും അവിടുത്തെ സാന്നിധ്യവും നമുക്ക് അനുഭവവേദ്യമാക്കുന്നത് നിശബ്ദതയിലാണ്. ഉത്ഥാനത്തിലൂടെ ഈശോ നമുക്ക് അളവില്ലാത്ത ദാനമാണ് നൽകിയിരിക്കുന്നത്. ഈശോ മരിച്ച് കല്ലറയിൽ അടക്കി പിന്നീട് ഉത്ഥാനം ചെയ്തതുപോലെ മാമ്മോദീസായിലൂടെ അവിടുത്തെ പീഡാനുഭവ മരണോത്ഥാനങ്ങളിൽ നാമും പങ്കുചേരുന്നു.

നമുക്കു പ്രാർത്ഥിക്കാം: ഉത്ഥിതനായ കർത്താവേ, ഞങ്ങളുടെ അനുദിനജീവിതത്തിലെ വേദനകളിലും പ്രതിസന്ധികളിലും നീ നല്കിയ സമാധാനം അനുഭവിച്ചറിഞ്ഞു ജീവിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ.

# കാവലാൾ - 18

ജാൻസി ടീച്ചർ, കറുകപറമ്പിൽ



**കു**ഞ്ഞാന്റിക്ക് ഒരു ആൺകുഞ്ഞു പിറന്നു. ലൈസാമ്മയും ജോയി മോനും ആശുപത്രിയിൽ ആയിരുന്നതിനാൽ അടുത്ത വീട്ടിലെ ഭവാനിയമ്മയായിരുന്നു സ്റ്റീനായുടെ കൂടെ. ആ ദിവസങ്ങളിൽ ഭവാനിയമ്മ സ്റ്റീനയിലൂടെ ഏകരക്ഷകനായ ഈശോയെ കണ്ടെത്തുകയായിരുന്നു. അവരുടെ ചോദ്യങ്ങൾക്ക് കൃത്യമായി ഉത്തരം പറഞ്ഞ് അവരെ ദൈവസ്നേഹത്തിലേക്കും ജീവിത പരിവർത്തനത്തിലേക്കും നയിക്കാൻ അവൾക്കു കഴിഞ്ഞു. ഒരിക്കൽ ജോസഫച്ചൻ സമ്മാനിച്ച ജപമാലയും സുവിശേഷവും അവൾ അവർക്കു നൽകി.

''ഓ എന്റെ കുഞ്ഞേ, ഇങ്ങനെ ഒരു ദൈവം മനുഷ്യനെ സ്നേഹിച്ചു പിറകേ നടന്നിട്ടും നിങ്ങൾ ഇങ്ങനെ ഒക്കെ തെറ്റു ചെയ്യുന്നല്ലോ. എന്നെ അവൻ സ്നേഹിക്കുമോ? എന്നെ അവനറിയുമോ?'' ആ വൃദ്ധയുടെ ചോദ്യത്തിന് ഉത്തരമെന്നതു പോലെ അന്നവർ ഒരുമിച്ചു പ്രാർത്ഥിക്കുമ്പോൾ സ്റ്റീനയുടെ കയ്യിൽ ഒരു പ്രത്യേക സുഗന്ധമുള്ള എണ്ണ ഒഴുകി വന്നു. ജാതിയും മതവുമില്ലാത്ത സ്നേഹദൈവം ആരാണെന്ന് തിരിച്ചറിഞ്ഞ അവർ പറഞ്ഞു:

''മോളേ, എനിക്കിനിയും ആ ഈശോയെ ക്കുറിച്ചു കേൾക്കണം''



വചനം വായിക്കാൻ ഉള്ള കൃപ ദൈവം അവർക്കു നൽകി.

കുഞ്ഞാന്റി കുഞ്ഞിനെ അവളുടെ അടുത്തു കൊണ്ടുവന്നു. സ്റ്റീനാ മോളു പറയുന്ന പേരു മതി കുഞ്ഞിന്.

"എന്തു പേരിടണം? 'ഇമ്മാനുവേൽ', നമുക്കവനെ ഇമ്മാനുവേൽ എന്നു വിളിക്കാം. അങ്ങനെ ആ ഉണ്ണീശോയെ എനിക്കെപ്പോഴും കളിപ്പിക്കാമല്ലോ". കുഞ്ഞിന്റെ മാമ്മോദീസ എട്ടാം ദിവസംതന്നെ നടത്തി. അന്ന് ജോസഫച്ചൻ അവളെ കാണാൻ വന്നു. കിടന്നുകൊണ്ടുതന്നെ ബൈബിൾ വായിക്കാനും എഴുതുവാനും വേണ്ടി ജോയി അങ്കിൾ അവൾക്ക് ചെറിയ മേശ ഉണ്ടാക്കിക്കൊടുത്തിരുന്നു. ജോസഫച്ചൻ അവളുടെ അടുത്തു വന്നപ്പോൾ വിശുദ്ധ കുർബാനയും കൊണ്ടുവന്നിരുന്നു.

ഈശോ അവളുടെ ഹൃദയത്തിലേക്ക് വന്നപ്പോൾ നന്ദി പറഞ്ഞതിനുശേഷം അവൾ ചോദിച്ചു: "ഈശോ, നിന്റെ പരിശുദ്ധാത്മാവിനെ എനിക്കു തരാമോ?"

ജോസഫച്ചൻ തിരികെ പോകുന്നതിനു മുമ്പ് അവളൊരു പേപ്പറിൽ കുറിച്ചു 'ഈശോ എനിക്കു പരിശുദ്ധാത്മാവിനെ തരും.' അച്ചൻ ആ പേപ്പർ വാങ്ങി അവളെ അനുഗ്രഹിച്ചുകൊണ്ടു പറഞ്ഞു: "പന്തക്കുസ്തായ്ക്കുവേണ്ടി മോൾ ഒരുങ്ങിക്കോ. ഈശോ നിനക്കു സമ്മാനം തരും."

അച്ചൻ പോയിക്കഴിഞ്ഞപ്പോൾ ഭവാനിയമ്മ അവിടെയെത്തി. 'മോളുടെ ഉള്ളിൽ വന്ന ഈശോയെ ഞാൻ ഒന്നു തൊട്ടോട്ടെ?' അവൾ അവരുടെ കൈ തന്റെ നെഞ്ചോടു ചേർത്തു പിടിച്ചു. ഏതോ കറന്റ് തന്റെ ഉള്ളിലൂടെ കടന്നുപോയതുപോലെ അവർക്കു തോന്നി.

അന്ന് പന്തക്കുസ്താ തിരുനാളായിരുന്നു. എല്ലാവരും പള്ളിയിൽ പോയിക്കഴിഞ്ഞപ്പോൾ ഭവാനിയമ്മ അവിടേക്കു വന്നു. അവർക്കു തന്റെ കണ്ണുകളെ വിശ്വസിക്കാൻ കഴിഞ്ഞില്ല. സ്റ്റീനാ മോൾ മുട്ടുകുത്തി കൈവിരിച്ച് കണ്ണടച്ചു പ്രാർത്ഥിക്കുന്നു!

അവളുടെ അധരങ്ങൾ ചലിക്കുന്നതും കണ്ണീർ ഒഴുകിയിറങ്ങുന്നതും അവർ കണ്ടു. ഒരു സ്വരവും കേൾപ്പിക്കാതെ അവരും മുട്ടുകുത്തി. പള്ളിയിൽ പോയവർ തിരികെ വന്നപ്പോൾ വാതിൽക്കൽ നിൽക്കുന്ന ഭവാനിയമ്മയെ കണ്ടു. സന്തോഷംകൊണ്ട് അവർക്കു സംസാരിക്കാൻ കഴിഞ്ഞില്ല. അവർ അകത്തേക്കു കൈചൂണ്ടി "ദേ.." ലൈസാമ്മ ആദ്യം അകത്തുകയറി. "ഈശോയേ നന്ദി"!!! എല്ലാവരും നന്ദിയും സ്തുതിയും പറഞ്ഞുകൊണ്ടിരിക്കുമ്പോൾ പുറത്ത് ജോസഫച്ചന്റെ കാർ വന്നുനിന്നു. വിശുദ്ധ കുർബാന അവൾക്കു നൽകുവാനെത്തിയ അച്ചനും അവരോടൊപ്പം മുട്ടുകുത്തി ദൈവത്തിനു നന്ദി പറഞ്ഞു. സ്റ്റീനാ നടന്നു പുറത്തേക്കുവന്നപ്പോൾ ചുറ്റുപാടുമുള്ള വീട്ടുകാരൊക്കെ അവിടെയെത്തി. ദൈവത്തിന്റെ അത്ഭുതത്തിനു നേർസാക്ഷികളായ അവരെല്ലാവരും നന്ദിയും സ്തുതിയും പറഞ്ഞുകൊണ്ടിരുന്നു. (തുടരും)

# ഉയിർപ്പു തിരുനാൾ

റോസ് മരിയ (അച്ചു)

**ദൈ**വകൃപയാൽ നാമെല്ലാവരും നമ്മുടെ കർത്താവായ ഈശോമിശിഹായുടെ ഉത്ഥാനതിരുനാളിന്റെ (കൃംതാ തിരുനാൾ) ചൈതന്യത്തിൽ, ഉപവാസത്തിന്റെയും പരിത്യാഗത്തിന്റെയും പ്രാർത്ഥനയുടെയും നോമ്പുകാലത്തിന്റെ നന്മയിൽനിന്നു ലഭിച്ച ആത്മീയ ഊർജ്ജത്തിന്റെ നിറവിൽ നിൽക്കുന്ന സമയം. നമ്മിലെ വിശ്വാസത്തെ ദൃഢപ്പെടുത്തുവാൻ ഏറ്റവും അനുയോജ്യമായ കാലം.

ക്രൈസ്തവജീവിതത്തിന്റെ മുഖമുദ്ര തന്നെ ദൈവാശ്രയബോധത്തിൽ നിന്നുള്ള പ്രത്യാശയാണല്ലോ. നമ്മുടെ ജീവിതങ്ങൾ ഒന്നും ദുഃഖവെള്ളിയിൽ അവസാനിക്കാനുള്ളതല്ല. പുത്രൻതമ്പുരാൻ അത്രയേറെ പാടുപീഡകൾ സഹിച്ചതും മരിച്ചുയിർത്തതും നമ്മെ ഉയിർപ്പിക്കാനാണ്. ഏതുവേദനയിലും വിഷമഘട്ടത്തിലും നമുക്ക് ആശ്രയിക്കാൻ മരണത്തെ ജയിച്ച, നിത്യവും ജീവിക്കുന്ന നമ്മുടെ ഈശോമിശിഹായുണ്ട്.


പരമപ്രധാനമായി ഉയിർപ്പ് പാപാവസ്ഥയിൽ നിന്നുള്ള ഉയിർപ്പുതന്നെയാണ്. ഈ ലോകത്തിൽ ജീവിക്കാനും എന്നാൽ അതേ സമയംതന്നെ ലോകത്തിന്റേതല്ലാതെ ജീവിക്കാനും ഉള്ളതാണല്ലോ നമ്മിലെ ദൈവവിളി. ഈശോയുടെ സ്നേഹമാകുന്ന താപം അനുഭവിച്ചുകൊണ്ട് മനസ്സുകൾ അനുതാപപ്പെട്ട്, ദൈവവുമായി അനുരഞ്ജനപ്പെട്ട് ദൈവൈക്യത്തിൽ ജീവിക്കാനുള്ള ഉയിർപ്പ്.

രണ്ടാമതായി, നിത്യനായ, അമർത്യനായ ആ ദൈവത്തെ നാം തിരിച്ചറിയുന്നുണ്ടോ, ആശ്രയിക്കുന്നുണ്ടോ എന്ന് ആത്മവിചിന്തനം നടത്തേണ്ടുന്ന അവസരം കൂടിയാണിത്. നമ്മെ രക്ഷിക്കാൻ ശക്തനായവൻ നമ്മോടുകൂടി ഉണ്ട്. വചനം മാംസമായി ജന്മമെടുത്ത നമ്മുടെ ഈശോയുടെ വാഗ്ദാനത്തിന് ഒരിക്കലും മാറ്റം സംഭവിക്കില്ല. 'യുഗാന്ത്യംവരെ ഞാൻ നിങ്ങളോടൊപ്പം ഉണ്ടായിരിക്കും' (മത്തായി 28,20) എന്നാണല്ലോ അവിടുത്തെ വാഗ്ദാനം.

"എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്യുവിൻ" എന്ന ഈശോയുടെ അന്ത്യകല്പന പാലിക്കപ്പെടുമ്പോഴാണ് അഥവാ പരിശുദ്ധ കുർബാന അർപ്പിക്കുമ്പോളാണ് ജീവിക്കുന്ന ദൈവമായ ഈശോമിശിഹായെ നാം ഏറ്റവും ആഴത്തിൽ അനുഭവിക്കുന്നത്.

ഈശോയുടെ മൗതികശരീരമായ സഭയോടുചേർന്നു ജീവിക്കുക എന്നതുതന്നെയാണ് ഈശോയെ അറിയാനുള്ള ഏകവഴി. 'ഈശോയും സഭയും തമ്മിലുള്ള ബന്ധത്തിന്റെ ഏറ്റവും വലിയ ആഘോഷമാണ് പരിശുദ്ധ കുർബാന' എന്നാണ് അപ്രേം പിതാവ് പഠിപ്പിക്കുന്നത്. ആ ആഘോഷത്തിൽ പൂർണ്ണ മനസ്സോടെ പങ്കുചേരുമ്പോൾ നാം ഈശോമിശിഹായോടുതന്നെയാണ് പൂർണ്ണമായും ഐക്യപ്പെടുന്നത്.

ഉത്ഥാനത്തിനുശേഷം എമ്മാവൂസിലെ ശിഷ്യന്മാരോടൊപ്പം നടന്ന ഈശോയെ



ധ്യാനിക്കാം. പരസ്യജീവിതകാലത്തു അവനോടൊപ്പം ഉണ്ടായിരുന്നിട്ടും അവനെ തിരിച്ചറിയാത്തവിധം അവരുടെ കണ്ണുകൾ മൂടപ്പെട്ടിരുന്നു എന്നാണ് വചനം പറയുന്നത് (ലൂക്കാ 25,16). അവരുടെ പ്രതീക്ഷകളും ആകുലതകളും എല്ലാം ഈശോയോടു പങ്കുവയ്ക്കുന്നുണ്ട്. വിശുദ്ധലിഖിതങ്ങൾ ഈശോ അവർക്ക് വ്യാഖ്യാനിച്ചു കൊടുക്കുമ്പോൾ അവരുടെ ഹൃദയം ജ്വലിച്ചു എന്നും വചനം സാക്ഷ്യപ്പെടുത്തുന്നു. എന്നാൽ, അവർ ഈശോയെ തിരിച്ചറിഞ്ഞത്, അവരുടെ കണ്ണു തുറക്കപ്പെട്ടത്, അപ്പംമുറിക്കൽ (വിശുദ്ധ കുർബാന) ശുശ്രൂഷയിലാണ്.

ഉത്ഥിതനായ ഈശോയെ കാണുവാനും തിരിച്ചറിയുവാനും അനുഭവിക്കുവാനും മറ്റെങ്ങോട്ടുമല്ല നാമിനി പോകേണ്ടത് മറിച്ച് പരിശുദ്ധ കുർബാനയിലേക്കാണ് നാം ആഴ്ന്നിറങ്ങേണ്ടത്. ഓരോ കുർബാനയർപ്പണത്തിലും നാം അവനെ കാണണം, തിരിച്ചറിയണം, അനുഭവിക്കണം. അന്ന് ശിഷ്യന്മാർ പറഞ്ഞതു പോലെ 'സത്യമായും അവൻ ഉയിർത്തെഴുന്നേറ്റു' എന്ന് സാക്ഷ്യപ്പെടുത്തത്തക്കവിധം നമ്മുടെ വിശ്വാസം ദൃഢപ്പെടണം.

ഇനിയും, നമ്മുടെ പ്രധാനമായ കടമ മാമ്മോദീസാവഴിയായി ദൈവപുത്രത്വത്തിലും ഈശോയുടെ ഉത്ഥാനചൈതന്യത്തിലും പങ്കുചേരാൻ ഭാഗ്യം ലഭിച്ച നാം അതിനു നമ്മെ യോഗ്യരാക്കിയ നിത്യനായ ദൈവത്തിനു സദാസമയവും സ്തുതി സമർപ്പിക്കുക എന്നതാണ്. കൂടാതെ, പരമപരിശുദ്ധനായ ദൈവതിരുമുമ്പിൽ പരിശുദ്ധമായ ചിന്തകളോടും പ്രവൃത്തികളോടും കൂടെ വ്യാപരിക്കുവാൻ കടപ്പെട്ടവരാണ്, ശ്രമിക്കേണ്ടവരാണ് എന്ന ഓർമ്മയോടെയുള്ള ജീവിതം നയിക്കലാണ്.

"മാമ്മോദീസാവഴിയായ് മന്നിൽ
കർത്താവിൻ തിരുവുത്ഥാനത്തിൽ
പങ്കാളികളായ് ശാശ്വതഭാഗ്യം
നേടാനർഹത നേടിയ ഞങ്ങൾ
കീർത്തനമെന്നും പാടുന്നേവം
നിത്യനമർത്യൻ പരിശുദ്ധൻ നീ."


(യാമപ്രാർത്ഥന ഉയിർപ്പുകാലം, വെള്ളി റംശാ)

ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ ദൈവമേ, ഉത്ഥിതനായ പുത്രൻതമ്പുരാനോട് ചേർന്നുജീവിച്ചുകൊണ്ടു ഞങ്ങളുടെ ജീവിതങ്ങളെ അങ്ങേക്കായുള്ള ഒരു സ്വീകാര്യബലിയാക്കി തീർക്കേണമേ.

# കാലത്തിന്റെ അടയാളങ്ങളെ ശ്രദ്ധിക്കുന്ന സഭ

റവ. ഡോ. തോമസ് വടക്കേൽ
പാലാ രൂപത

**എ**ന്നും എല്ലായ്പോഴും സഭ ഈശോമിശിഹായെ പ്രതിബിംബിപ്പിക്കണം. ദൈവം, മതം, സഭ തുടങ്ങിയ പദങ്ങൾ വളരെ അരോചകമായ, ആകർഷകമല്ലാത്ത, ശുഷ്ക്കമായ വാക്കുകളായി യുവജനങ്ങൾക്ക് തോന്നാറുണ്ട്.



ഈശോമിശിഹായെ ഫലപ്രദമായ രീതിയിൽ, യുവജനങ്ങൾക്ക് ഇഷ്ടപ്പെടുന്ന രീതിയിൽ അവതരിപ്പിക്കുമ്പോഴാണ് സഭ, മതം, ദൈവം തുടങ്ങിയ പദങ്ങൾ യുവജനങ്ങൾക്ക് സചേതനമായി അനുഭവപ്പെടുന്നത്. സഭ ക്രമാതീതമായ വിധത്തിൽ അതിൽത്തന്നെ കുടുങ്ങിക്കിടക്കാതെ, ഈശോമിശിഹാ യുവജനങ്ങൾക്ക് അനുഭവവേദ്യമാകത്തക്ക രീതിയിൽ നൽകേണ്ടതുണ്ട്. യുവജനങ്ങളുടെ വിമർശനങ്ങളെ വിലമതിച്ചുകൊണ്ട് സഭ അവളുടെ കാഴ്ചപ്പാടുകളിൽ മാറ്റം വരുത്തേണ്ടതുണ്ട്.

'സഭ എന്റെ ജീവിതത്തിന് പ്രസക്തമല്ല.' ധാരാളം യുവജനങ്ങളുടെ ഇന്നത്തെ ഒരു കാഴ്ചപ്പാടാണിത്. ഇതിനു കാരണം യുവജനങ്ങളുടെ ജീവിതത്തെ സ്പർശിക്കുന്ന തരത്തിൽ, അവർക്ക് ഉതകുന്ന രീതിയിൽ ഫലപ്രദമായി സഭ പ്രവർത്തിക്കുന്നില്ല എന്നുള്ളതാണ്. സഭയുടെ സാന്നിധ്യം ഒരു ശല്യമായോ, പ്രകോപനമായോ ചില യുവജനങ്ങൾ കാണുന്നുണ്ട്. സഭയോട് യുവജനങ്ങൾക്ക് താല്പര്യം തോന്നാത്തതിന് കാരണങ്ങൾ പലതാണെന്ന്

***തങ്ങളെ ശ്രവിക്കുന്ന ഒരു സഭയെയാണ് അവർ ആഗ്രഹിക്കുന്നത്. യുവജനങ്ങളുടെ സ്വപ്നങ്ങൾക്ക് ഉത്തരം നൽകാൻ സഭയ്ക്ക് സാധിക്കണം. ചോദ്യങ്ങൾ ചോദിക്കാൻ യുവജനങ്ങൾക്ക് അവസരം നൽകുകയും അവരുടെ വാക്കുകളെ ശ്രവിക്കുകയും ചെയ്യുമ്പോഴാണ് സഭയ്ക്ക് അവളുടെ യൗവനം കാത്തുസൂക്ഷിക്കുവാൻ സാധിക്കുന്നത്.***

സിനഡ് വിലയിരുത്തി: യുവജനങ്ങളെ ഫലപ്രദമായി കൈകാര്യം ചെയ്യുവാൻ ഒരുങ്ങിയിട്ടില്ലാത്ത വൈദികഗണം, ലൈംഗികപരവും ധനസംബന്ധവുമായ ഇടർച്ചകൾ, ഫലപ്രദമായ സുവിശേഷപ്രഘോഷണത്തിന്റെ അഭാവം, ക്രിസ്തീയകൂട്ടായ്മയിൽ പ്രസക്തിയില്ലാത്ത ചുമതലകൾമാത്രം യുവജനങ്ങൾക്ക് നൽ കുന്ന സാഹചര്യം, വിശ്വാസസത്യങ്ങളെയും ധാർമ്മിക നിലപാടുകളെയും സമകാലീനസമൂഹത്തിന് മനസ്സിലാകുംവിധം വിശദീകരിക്കുവാനുള്ള സഭയുടെ പ്രയാസം.

എളിമയുള്ള സഭയെ കാണുമ്പോഴാണ് യുവജനങ്ങൾ സന്തോഷിക്കുന്നത്. തങ്ങളെ ശ്രവിക്കുന്ന ഒരു സഭയെയാണ് അവർ ആഗ്രഹിക്കുന്നത്. കടുംപിടുത്തം പിടിക്കാതെ വിനയം വീണ്ടെടുത്ത് സഭ യുവജനങ്ങളുടെ വിശ്വാസ്യതയാർജ്ജിക്കണം. യുവജനങ്ങളുടെ സ്വപ്നങ്ങൾക്ക് ഉത്തരം നൽകാൻ സഭയ്ക്ക് സാധിക്കണം. ചോദ്യങ്ങൾ ചോദിക്കാൻ യുവജനങ്ങൾക്ക് അവസരം നൽകുകയും അവരുടെ വാക്കുകളെ ശ്രവിക്കുകയും ചെയ്യുമ്പോഴാണ് സഭയ്ക്ക് അവളുടെ യൗവനം കാത്തുസൂക്ഷിക്കുവാൻ സാധിക്കുന്നത്.

## മറിയം, നസറത്തിലെ യുവതി

ഇന്നത്തെ യുവജനങ്ങൾക്ക് മാതൃകയാണ് പരിശുദ്ധ മറിയം. ദൈവദൂതന്റെ സന്ദേശം സ്വീകരിച്ചുവെങ്കിലും ചോദ്യങ്ങൾ ഉന്നയിക്കുവാൻ മറിയം തെല്ലും ഭയപ്പെട്ടില്ല (cf ലൂക്കാ 1,34). മറിയത്തിന്റെ ചോദ്യത്തിന്റെ സ്വരം നിഷേധാത്മകഭാവത്തിന്റേതല്ല, മറിച്ച് ഭാവാത്മകമായ അർത്ഥതലത്തിലുള്ളതാണ്. ചോദ്യം ഉന്നയിച്ചുവെങ്കിലും മറിയത്തിന്റെ അടിസ്ഥാനഭാവം തുറവിയുടെയും സമർപ്പണത്തിന്റേതുമായിരുന്നു. "ഇതാ, കർത്താവിന്റെ ദാസി" (ലൂക്കാ 1,38) എന്ന മറിയത്തിന്റെ വാക്കുകൾ ഭാവാത്മകതയുടേതാണ്.

പരിണതഫലമെന്തെന്നറിഞ്ഞുകൊണ്ടു തന്നെ ഉറച്ച തീരുമാനമെടുത്ത യുവതിയാണ് മറിയം. "നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ" (ലൂക്കാ 1,38) എന്ന മറിയത്തിന്റെ ദൈവദൂതനോടുള്ള മറുപടി നിസ്സംഗഭാവത്തിൽ നിന്നോ, നിഷ്ക്രിയതയിൽ നിന്നോ ഉള്ളതല്ല; മറിച്ച് ഉത്തരവാദിത്വം ഏറ്റെടുക്കാൻ മനസ്സുകൊണ്ട് ശരിയായി ഒരുങ്ങിയ ഒരാളുടെ പൂർണ്ണ സമ്മതമായിരുന്നു അത്. മുന്നിലുള്ള പ്രശ്നസങ്കീർണ്ണമായ വെല്ലുവിളികളെ സധൈര്യം നേരിട്ടവളാണ് യുവതിയായ മറിയം.

വസ്തുതകൾ വ്യക്തമല്ലാതിരുന്നിട്ടും, 'ഉവ്വ്' എന്ന ധീരമായ പ്രത്യുത്തരം നൽകിയ മറിയം ഒഴിഞ്ഞുമാറലുകൾക്കും വ്യാമോഹങ്ങൾക്കും അടിമപ്പെട്ടില്ല. പുത്രന്റെ സഹനങ്ങളിലൂടെ അനുയാത്ര ചെയ്ത മറിയം തന്റെ ദയാകടാക്ഷത്താൽ അനേകരെ സഹായിക്കുകയും അവർക്ക് സംരക്ഷണം നൽകുകയും ചെയ്തു. പ്രത്യാശയുടെ മഹത് കാവൽക്കാരിയായ മറിയം ഒന്നിലും മടുപ്പ് കാണിക്കാതെ, ഉറച്ച സന്നദ്ധതയോടെ പ്രവർത്തിച്ചു. ആനന്ദം നിറഞ്ഞുതുളുമ്പുന്ന മനസ്സുള്ള മറിയം വിശ്വാസത്തോടുകൂടെ ജീവിതത്തെ വീക്ഷിക്കുന്ന നയനങ്ങളുള്ളവളും എല്ലാം സംഗ്രഹിക്കുന്ന ഒരു ഹൃദയവുമുള്ളവളാണ് (ലൂക്കാ 2,19-51). തന്റെ സാന്നിധ്യം ആവശ്യമുള്ളവർക്ക് ഊർജ്ജസ്വലതയോടെ അത് പ്രദാനം ചെയ്യുന്നവളാണ് മറിയം. യുവജനങ്ങളുടെ ജീവിതയാത്രയിൽ മറിയം എന്നും ഒരു മാതൃകയാണ്.




# ജോസഫ്

ഷിജി പറപ്പള്ളിയാത്ത്

**ഉ**ല്പത്തിപുസ്തകത്തിന്റെ ഏടുകൾ തിരയുമ്പോൾ ആനുകാലികപ്രസക്തമായ പല പാഠങ്ങളും പറഞ്ഞുതരുന്നതാണ് ജോസഫിന്റെ ജീവിതം. പൂർവ്വപിതാവായ യാക്കോബിന് പന്ത്രണ്ടു മക്കളുണ്ടായിരുന്നു. ഏറെ സ്നേഹിക്കപ്പെട്ട ഭാര്യ റാഹേലിൽ ജനിച്ച മകനാണ് ജോസഫ്. മക്കളില്ലാതെ നൊമ്പരപ്പെട്ട റാഹേലിന് മകനെ ലഭിച്ചപ്പോൾ “അവൻ ഇനിയും തരട്ടെ” എന്നർത്ഥമുള്ള ജോസഫ് എന്നു പേരിട്ടു. യാക്കോബിനു തന്റെ മക്കളിൽ കൂടുതൽ വാത്സല്യവും സ്നേഹവും ജോസഫിനോടായിരുന്നു. അതുകൊണ്ടുതന്നെ നല്ല സമ്മാനങ്ങളും കുപ്പായങ്ങളും പിതാവ് അവനു നൽകിയിരുന്നു. കാരണം അവൻ അദ്ദേഹത്തിന്റെ വാർദ്ധക്യത്തിലെ മകനായിരുന്നു. യാക്കോബ് ജോസഫിനെ തങ്ങളെക്കാൾ അധികമായി സ്നേഹിച്ചിരുന്നതിനാൽ അവന്റെ സഹോദരന്മാർ അവനെ വെറുത്തു. അവനോടു സൗമ്യമായി സംസാരിക്കാൻ അവർക്ക് കഴിഞ്ഞില്ല. മാത്രവുമല്ല, സ്വപ്നം വ്യാഖ്യാനിക്കാനുള്ള പ്രത്യേക കഴിവും അവനുണ്ടായിരുന്നതിനാൽ അവർ അവനെ ഒഴിവാക്കാനാഗ്രഹിച്ചു.

സഹോദരന്റെ കഴിവിലുള്ള അസൂയയാണ് ജോസഫിനെ നശിപ്പിക്കാൻ അവന്റെ സഹോദരന്മാരെ പ്രേരിപ്പിച്ചത്. അസൂയ ഒരുതരം അന്ധതയാണ്. അസൂയാലുക്കൾ സ്വന്തം കഴിവുകൾ കാണില്ല. ഉള്ള കഴിവുകൾ വികസിപ്പിക്കില്ല. മാത്രവുമല്ല, അന്യന്റെ കഴിവുകൾ നശിപ്പിക്കാൻ ശ്രമിക്കും. ഇത് ഒരുതരം അക്രമമനഃസ്ഥിതിയും അപഹാസ്യതയുമാണ്. പ്രോത്സാഹനവും അംഗീകാരവും സഹോദരങ്ങളെ തളർത്തില്ല. അത് ആത്മവിശ്വാസവും ആത്മാഭിമാനവും വർദ്ധിതമാക്കും. ദുർഘടവഴികളിൽ നിർഭയം മുന്നേറാൻ അത് ഉപകരിക്കുകയും ചെയ്യും. സഹോദരന്റെ നന്മയിൽ അസൂയാലുക്കളായ വ്യക്തികൾക്ക് സൗമ്യമായി സംസാരിക്കാൻ കഴിയില്ല. സത്യത്തെ അംഗീകരിക്കാത്തതുമൂലം വെറുപ്പും വിദ്വേഷവും വളരുന്നതും അതിന്റെ പരിണിതഫലവും ഉല്പത്തിപുസ്തകം മുപ്പത്തിയേഴാം അദ്ധ്യായം പറഞ്ഞുതരുന്നു. മറുതലിക്കുന്ന ഇന്നത്തെ ലോകം നന്മയുടെ എളിയ ചിന്തകളെ നിർമൂലമാക്കാനേ ശ്രമിക്കൂ. ക്രിയാത്മക കിനാവുകൾ വളർച്ചയുടെ പാതയാണെന്ന് നാം ഓർക്കേണ്ട കാലമാണിത്. സ്വപ്നങ്ങൾ നഷ്ടമായ ബാല്യകൗമാരങ്ങൾ യുവത്വവും വാർദ്ധക്യവും കാണാതെ മൺമറയുന്ന കാഴ്ചകൾ ഇന്ന് ദയനീയ ദൃശ്യംതന്നെ. സുഖാനുഭൂതികൾ നൽകുന്ന മയക്കുമരുന്നും പണക്കൊതിയും സുഖലോലുപതയും കൗമാരക്കാരെ മരവിപ്പിച്ചാൽ അടുത്ത തലമുറയിൽ സുബോധമുള്ളവർ കാണില്ല എന്നതു വാസ്തവമാണ്.

ഒരിക്കൽ പിതാവിന്റെ ആടുകളെ മേയ്ക്കുന്ന തന്റെ സഹോദരന്മാരെ തേടിപ്പോയ ജോസഫിനെ ദോത്താനിൽ വച്ച് സഹോദരന്മാർ കണ്ടു. അവൻ അടുത്തെത്തും മുമ്പേ അവനെ വധിക്കാൻ അവർ ഗൂഢാലോചന നടത്തി. സ്വപ്നക്കാരൻ വരുന്നു എന്നാണ് ജോസഫിനെ അവർ വിശേഷിപ്പിക്കുന്നത്. കൂടപ്പിറപ്പിനെ തിരിച്ചറിയാൻ പറ്റാത്ത കാലം. ദുഷ്ചിന്ത വളർന്ന മനസ്സുകളിൽ ഗൂഢാലോചനകൾ അലയടിക്കുന്നു. അവരുടെ വിദ്വേഷത്തിന്റെ സ്വരം ഇങ്ങനെയാണ്



പ്പോഴായി ജോസഫ് സഹിച്ചിട്ടുണ്ടാവും. പിതാവിനുപോലും തന്നെ മനസ്സിലാക്കാനാവാത്ത അവസ്ഥ അവനെ നൊമ്പരപ്പെടുത്തിക്കാണും. നന്മ എവിടെ വളരുന്നുവോ അവിടെ തിന്മകളും വളർന്നുവരും. ഉള്ളിൽ നന്മകൾ മുളപൊട്ടിയ ബാല്യമായിരുന്നു ജോസഫിന്റേത്. അത് വളർന്ന് പുഷ്പിച്ച് വളരെ സുകൃതങ്ങൾ കാഴ്ചവച്ചിട്ടുണ്ട്. ഒന്നോർത്താൽ ശൈശവത്തിലോ ബാല്യത്തിലോ അല്ല ജോസഫ് വില്ക്കപ്പെടുന്നത്, കൗമാരത്തിന്റെ അന്ത്യത്തിലാണ്. തിരിച്ചറിവിന്റെ കാലം സുകൃതജീവിതങ്ങളിൽ ഇരുൾ പരക്കുന്ന അനുഭവമാണ് അവനു സമ്മാനിച്ചത്. സ്നേഹിച്ച മാതാപിതാക്കളും ചുറ്റുപാടുകളും അന്യമായി, അടിമയായി ജീവിക്കേണ്ട ദുരവസ്ഥ. കണ്ണീരും നൊമ്പരവും അവന്റെ ചിന്തകളെയും മനോഭാവങ്ങളെയും പാകപ്പെടുത്തി. ദൈവാശ്രയത്വത്തിന്റെയും ശുഭാപ്തി വിശ്വാസത്തിന്റെയും തണൽവഴികൾ അവന്റെ ജീവിതത്തിന് പച്ചപ്പ് നൽകിയിട്ടുണ്ട് എന്ന് ചിന്തിച്ചെടുക്കാം.

"വരുവിൻ, നമുക്കവനെ കൊന്ന് കുഴിയിലെറിയാം, ഏതോ കാട്ടുമൃഗം പിടിച്ചുതിന്നു എന്നു പറയുകയും ചെയ്യാം''. തെറ്റുചെയ്യാനും കൂടാതെ കള്ളത്തരം പറയാനും തീരുമാനിച്ച അവർ ജോസഫിനെ പൊട്ടക്കിണറ്റിൽ തള്ളിയിടുന്നു. പിന്നീട് ഇരുപതു വെള്ളിനാണയങ്ങൾക്ക് അവനെ വില്ക്കുന്നു. സഹോദരനെ വില്പനച്ചരക്കായി മാറ്റുന്ന ലോകം. ഇതെല്ലാം പോരാഞ്ഞിട്ട് പിതാവിനെ കബളിപ്പിക്കാൻ ആടിന്റെ രക്തത്തിൽ സഹോദരന്റെ കുപ്പായം മുക്കി നൽകുന്നു. കപടമാർഗ്ഗങ്ങളിലൂടെ അവർ തെളിവുകൾ നിരത്തുകയാണ്. സഹോദരസ്നേഹത്തിന് വിലയിടുന്നവർ സത്യത്തിന്റെ വില അറിയാതെപോകുന്നു എന്നല്ലേ നാം വായിച്ചെടുക്കേണ്ടത്. ബഹുദൂര യാത്രകൾ കഴിഞ്ഞാലും ലോകം അതിന്റെ മൂല്യം അറിയില്ല.

കൗമാരസ്വപ്നത്തിന് പൊട്ടക്കിണർ സമ്മാനം കിട്ടുമ്പോൾ പരാതിയോ പരിഭവമോ മറുതലിക്കലോ ബലപ്രയോഗമോ നടന്നിട്ടുണ്ടാകുമോ എന്നറിയില്ല. ഇല്ല, ജോസഫ് അതു ചെയ്യില്ല. കാരണം പിന്നീടുള്ള അവന്റെ ജീവിതക്രിയകൾ അതാണ് വെളിവാക്കുക. വൃദ്ധനായ അപ്പന്റെ സ്നേഹവാത്സല്യങ്ങളും അമ്മയുടെ നൊമ്പരപ്രാർത്ഥനയും ആനന്ദവും അവൻ കണ്ടും കേട്ടും അനുഭവിച്ചിട്ടുണ്ട്. പിതൃതുല്യം കരുതേണ്ട മൂത്തസഹോരങ്ങളുടെ ശണ്ഠയും ശാസനയും പരിഹാസവും പല


മനുഷ്യചിന്തകൾക്ക് അതീതമായ സംഭവങ്ങൾ നിറഞ്ഞ ജീവിതം കാഴ്ചവച്ച ജോസഫ് ദൈവാശ്രയത്വത്തിന്റെയും ദൈവപരിപാലനയുടെയും സന്ദേശം പങ്കിടുന്നു. ചെറുപ്പം മുതൽ ഈജിപ്തുകാർക്ക് വില്ക്കപ്പെടുന്ന കാലം വരെ ജോസഫ് നമ്മോടൊത്തു നടന്നാൽ കണ്ടെടുക്കാവുന്ന ചില ചിന്തകളാണിവ.

**കൗമാരക്കാരനായ ജോസഫ് തരുന്ന സന്ദേശം**

* സഹോദരജീവനെ വിലമതിക്കുക
* എളിയ ചിന്തകൾക്ക് മൂല്യം നൽകുക.
* അസൂയയും വെറുപ്പും വിദ്വേഷവും അധഃപതനത്തിലേക്ക് വഴിതെളിക്കും.
* ദൈവാശ്രയവും ശുഭാപ്തിവിശ്വാസവും കൈവെടിയരുത്.
* ഞെരുക്കുന്ന ദൗർഭാഗ്യങ്ങളിൽ ശാന്തത വെടിയരുത്.

# ചെറുതാകണം കുർബാനയാകാൻ

**മെർലിറ്റ് അഞ്ചാനിക്കൽ**



'എന്തൊക്കെ സംഭവിച്ചാലും, മരിക്കേണ്ടിവന്നാലും ഒരിക്കലും നിന്നെ പിരിഞ്ഞ് ഒരു ജീവിതം എനിക്കാവില്ല'. പ്രണയിക്കുന്നവരുടെ സ്ഥിരം പല്ലവിയാണിത്. ജീവിതത്തിലെ പരുക്കൻ യാഥാർത്ഥ്യങ്ങളുമായി മല്ലിടേണ്ടിവരുമ്പോൾ അറിയാം വാക്കിലെ പൊള്ളത്തരങ്ങൾ. 'ഇന്നുമുതൽ മരണംവരെ ഏതു ജീവിതാനുഭവങ്ങളും പങ്കിട്ട് ഒന്നിച്ചു ജീവിച്ചുകൊള്ളാം' എന്ന് വി.ഗ്രന്ഥം സാക്ഷിനിർത്തി പ്രതിജ്ഞ ചെയ്ത് ആരംഭിച്ച ജീവിതം തകരാൻ വളരെ നിസ്സാരമായ കാരണങ്ങൾ മതി. താലികെട്ടിയവൻ മുഴുഭ്രാന്തനാണെന്നറിഞ്ഞിട്ടും തന്നോടൊത്തു ജീവിതം ആരംഭിച്ചവൾ ദുർന്നടപ്പുകാരിയാണെന്നറിഞ്ഞിട്ടും ദൈവം ചേർത്തുകെട്ടിയ ജീവിതച്ചരടു പൊട്ടിക്കാൻ ആഗ്രഹിക്കാത്തവരുണ്ടായിരുന്നു മുമ്പ്. കാരണവന്മാർ അദ്ധ്വാനിച്ചുണ്ടാക്കിയ സമ്പത്തും ആർജ്ജിച്ചെടുത്ത കുടുംബമഹിമയും ധൂർത്തടിച്ചും മദ്യപിച്ചും നശിപ്പിച്ച് കുടുംബം കുട്ടിച്ചോറാക്കി കുഞ്ഞുങ്ങളെയും ഭാര്യയെയും പെരുവഴിയിലിറക്കിയിട്ടും 'മക്കളേ, അപ്പൻ അപ്പനാണെന്ന കാര്യം മറക്കരുത്' എന്ന ഓർമ്മപ്പെടുത്തലിൽ കുടുംബത്തെ നെഞ്ചോടു ചേർത്തു പിടിച്ചിരുന്ന അമ്മമാരുണ്ടായിരുന്നു എന്നതും കഴിഞ്ഞ കാലത്തിന്റെ സുകൃതമാണ്. എത്ര താന്തോന്നിയാണെങ്കിലും ഗൃഹനാഥൻ വീട്ടിൽ വരാൻ വൈകിയാൽ വേവുന്ന നെഞ്ചും വഴിക്കണ്ണുമായി കാത്തിരിക്കുന്ന സ്ത്രീജന്മം വീടിന്റെ അകത്തളങ്ങളിൽ ധാരാളമുണ്ടായിരുന്നു.

ഇന്ന് സ്ഥിതിഗതികൾ മാറി. ഒപ്പത്തിനൊപ്പം നിൽക്കാനും ചോദ്യം ചെയ്യാനും വഴക്കിടാനും ആർക്കാണ് കൂടുതൽ അവകാശവും ആഭിജാത്യവുമെന്ന് ധരിപ്പിക്കുവാനും മത്സരിക്കുന്നതിലാണ് പലരുടെയും ഉത്സാഹം. ഒരാൾ മറ്റൊരാളെ മനസ്സിലാക്കുന്നതിലും കുറവുകൾ മറക്കുന്നതിലും തെറ്റുകൾ ക്ഷമിക്കുന്നതിലും അംഗീകരിക്കുന്നതിലും പലരും തോൽക്കുന്നു. സ്വന്തം സുഖം മാത്രം ലക്ഷ്യംവച്ചുള്ള ജീവിതത്തിന് ആക്കം കൂടുകയാണ്. ദീർഘനാൾ പ്രണയിച്ചതിനുശേഷം വിവാഹം ചെയ്ത വ്യക്തിയെയും യാതൊരു കൂസലുമില്ലാതെ ഉപേക്ഷിച്ച് മറ്റൊരാളുടെ കൂടെ ജീവിക്കുന്നതും അതിനു തടസ്സമായി നിൽക്കുന്നവർ ആരുതന്നെയായാലും, സ്വന്തം കുഞ്ഞുങ്ങളാണെങ്കിൽപോലും, അവരെ ഇല്ലായ്മ ചെയ്യുന്നതും ഇന്ന് നിത്യസംഭവങ്ങളായിക്കഴിഞ്ഞു. ഒരാൾ മറ്റൊരാൾക്ക് തുണയാകേണ്ടവനാണ്; ആവശ്യങ്ങളിൽ താങ്ങും തണലുമാകേണ്ടവനാണ് എന്ന ബോധ്യം കാലഘട്ടത്തിന് അന്യമായിരിക്കുന്നു.

സ്നേഹത്തിന് ശോഷണം സംഭവിച്ചുകൊണ്ടിരിക്കുന്ന ഒരു ലോകം അതിവേഗം വളരുന്നു. എന്നാൽ ലോകത്തിന്റെ ഏത് ആവശ്യങ്ങൾക്കും ഏക ഉത്തരം ദൈവത്തിന്റെ സ്നേഹമാണെന്ന കാര്യം നാം മറന്നുപോകുന്നു. സ്നേഹത്തിൽനിന്നും ജനിക്കുന്നതെല്ലാം നന്മയാണ്. അതുകൊണ്ടുതന്നെ സ്നേഹമായിരിക്കണം ലോകത്തിൽ ജീവിക്കുവാനുള്ള മനുഷ്യന്റെ പ്രേരകശക്തി. ഏശയ്യാ പ്രവാചകനിലൂടെ ദൈവം പറയുന്നതു ശ്രദ്ധിക്കുക: "മുലകുടിക്കുന്ന കുഞ്ഞിനെ അമ്മയ്ക്ക് മറക്കാനാവുമോ..... അവൾ മറന്നാലും ഞാൻ നിന്നെ മറക്കുകയില്ല" (ഏശ 49,15). ഇന്നത്തെ മാതാപിതാക്കൾ സ്വന്തം മക്കളെ ഉപേക്ഷിക്കുന്നവരും മറക്കുന്നവരും സ്വേച്ഛക്കനുസൃതം ജീവിക്കുന്നവരുമാകുമെന്ന് ദൈവം അറിഞ്ഞിരുന്നു. എന്നാൽ ഒരിക്കലും നമ്മെ പിരിയാത്ത, മറക്കാത്ത സ്നേഹമായി, നിരന്തരസാന്നിധ്യമായി, അമ്മയെക്കാളും നമ്മെ സ്നേഹിക്കുന്ന, കൂടെ വസിക്കുന്ന ഒരു ദൈവം നമുക്കുണ്ട്. അതാണ് ദിവ്യകാരുണ്യം - വി. കുർബാന.

കുർബാനയാകാൻ നാം കുറയണം; സഹനത്തിന്റെ മുൾമുടിയണിയണം; വിവിധ പ്രശ്നങ്ങളാകുന്ന കുരിശുകൾ തോളിൽ വഹിക്കണം; പരിഹാസശരങ്ങളാകുന്ന ചാട്ടവാറടികൾ ഏറ്റുവാങ്ങണം; തിന്മനിറഞ്ഞ പഴയമനുഷ്യനെ നമ്മിൽനിന്ന് ഉരിഞ്ഞുമാറ്റാൻ ഈശോയോടുകൂടി ക്രൂശിക്കപ്പെടണം. അപ്പോഴാണ് ലോകാന്ത്യത്തോളം കൂടെയായിരിക്കാൻ കുർബാനയായവനെപ്പോലെ ലോകത്തിന് ആത്മീയ ജീവൻ പകരുന്ന കുർബാനയാകാൻ നമുക്കും സാധിക്കുക. ഗദ്സമേനിലെ തീവ്രദുഃഖത്തിൽ ഈശോ തന്റെ പ്രിയപ്പെട്ട ശിഷ്യരോട് ഒന്നേ ചോദിച്ചുള്ളൂ: "ഒരു മണിക്കൂർ ഉണർന്നിരുന്ന് എന്നോടുകൂടെ പ്രാർത്ഥിക്കാൻ നിങ്ങൾക്കു കഴിയുന്നില്ലേ?" തന്റെ ജീവിതത്തിലെ എല്ലാ പ്രധാനസംഭവങ്ങളിലും ശിഷ്യത്രയങ്ങളെ ഈശോ കൂടെ കൂട്ടിയിരുന്നു. തന്റെ പീഡാനുഭവങ്ങളിലും കഠോരവേദനയിലും സ്നേഹത്തോടെ തന്നെ ആശ്വസിപ്പിക്കാൻ അവർക്കു കഴിയുമെന്ന് അവിടുന്നു ചിന്തിച്ചിട്ടുണ്ടാകണം. അതുകൊണ്ടാണല്ലോ അവരെ കൂടെകൊണ്ടുപോയതും. ദൈവമായ അവിടുത്തേക്കറിയാം നമ്മുടെയൊക്കെ ജീവിതത്തിലെ ഗദ്സമേനികളിലും സങ്കടങ്ങളുടെ കാൽവരികളിലും പിരിയാത്ത സ്നേഹമായി, ശക്തിയായി അവിടുന്നുതന്നെ നമ്മോടുകൂടെയുണ്ടാകണമെന്ന്. അതുകൊണ്ടാണല്ലോ ലോകാന്ത്യത്തോളവും നമ്മെ പിരിയാതിരിക്കാൻ അവിടുന്നു കുർബാനയായതും.

ആരൊക്കെ നമ്മെ മറന്നാലും മറക്കാത്ത ഒരു സ്നേഹമേയുള്ളൂ ലോകത്തിൽ - അത് ഈശോയുടെ സ്നേഹം മാത്രമാണ്. ആർക്കു നമ്മെ വേണ്ടെങ്കിലും അവിടുത്തേക്ക് നമ്മെ വേണം. ആരു നമ്മെ തള്ളിക്കളഞ്ഞാലും നമ്മുടെ കുറവുകളോടെ നമ്മെ സ്വീകരിക്കുന്ന അവിടുത്തെ സ്നേഹം മതി നമുക്ക്. പരി. കുർബാനയിൽ നിന്നും അനുഭവിച്ചറിയുന്ന അവിടുത്തെ നിരന്തരസ്നേഹം നമ്മെ സമീപിക്കുന്ന എല്ലാവരിലേക്കും ആത്മീയജീവന്റെ നീർച്ചാലായി ഒഴുകുവാൻ ഇടയാകട്ടെ എന്ന് ആഗ്രഹിക്കാം അതിനായി പ്രാർത്ഥിക്കാം.

# സ്വർഗ്ഗം നോക്കി യാത്ര ചെയ്യുക

**നെവിൻ മങ്ങാട്ട്**

**നോ**മ്പിന്റെ നോവിനെ ആശ്ലേഷിക്കുന്നവരുടെ ഉള്ളിൽ ഒരാനന്ദത്തിന്റെ തിരതല്ലലാണ്. കാരണം മറ്റൊന്നുമല്ല, എനിക്കുവേണ്ടി ബലിയായവനോടുചേർന്ന്, അവന്റെ കുരിശോടുചേർന്ന് നിൽക്കാൻ കഴിയുമോ എന്ന ആനന്ദം. അവന്റെ കുരിശിൽ പങ്കുചേരുന്നവർക്ക് അവൻ ഒരുക്കിയിരിക്കുന്നതോ നിത്യതയുടെ തീരവും.



വി. തോമസ് മൂർ പറയുന്നു: "ഭൂമിയിലെ ജീവിതം അവസാനിക്കുന്നത് ഏതെങ്കിലും കുഴിമാടത്തിലല്ല, നിത്യാനന്ദത്തിന്റെ പറുദീസ തന്നെയായ സ്വർഗ്ഗത്തിലാണ്." വിശുദ്ധാത്മാക്കൾ ഈ ലോകത്തിൽ സഹനങ്ങളെ സ്വീകരിക്കുന്നതിനും ലോകസന്തോഷങ്ങളെ പരിത്യജിക്കുന്നതിനും മടി കാണിച്ചവരല്ല. സ്വർഗ്ഗം സ്വന്തമാക്കാൻ ഈശോയുടെ സഹന, മരണങ്ങളിൽ പങ്കുപറ്റിയവരാണവർ. ഫലമോ നിത്യജീവന്റെ കിരീടവും.

ടൂർസിലെ വിശുദ്ധ മാർട്ടിൻ മെത്രാനായിരുന്നപ്പോഴും പരിത്യാഗത്തിന് യാതൊരു കുറവും ഇല്ലായിരുന്നു. ചാരത്തിലാണ് കിടന്നുറങ്ങിയിരുന്നത്. പനി പിടിച്ച് മരണാസന്നനായ അദ്ദേഹത്തെ അവിടെനിന്ന് മാറ്റാൻ വന്നവരോട് അദ്ദേഹം പറഞ്ഞു: ''ഭൂമിയിലേക്ക് നോക്കാതെ സ്വർഗ്ഗത്തിലേക്ക് നോക്കാൻ എന്നെ അനുവദിക്കുക. എന്റെ ആത്മാവ് കർത്താവിന്റെ സന്നിധിയിലേക്ക് പറന്നു കൊള്ളട്ടെ...''

വി. അഗസ്റ്റിൻ മരണത്തെ വരിച്ചത് "ഓ കർത്താവേ, അങ്ങയെ ആസ്വദിക്കാനായി മരിക്കാൻ എന്നെ അനുവദിക്കുക" എന്നു പറഞ്ഞു കൊണ്ടാണ്.

യുവരക്തസാക്ഷിയായ വി. അഗാപീറ്റസിന്റെ ശിരസ്സിൽ കത്തിയെരിയുന്ന കൽക്കരി സ്വേച്ഛാധിപതി കോരിയിട്ടപ്പോൾ ഇങ്ങനെ വിളിച്ചു പറഞ്ഞു. "ഈ ശിരസ്സ് സ്വർഗ്ഗത്തിൽ മഹത്ത്വത്തിന്റെ കിരീടത്താൽ അലങ്കരിക്കപ്പെടാനിരിക്കുന്നു. അതിനാൽ ഭൂമിയിൽ അത് കൽക്കരിയാൽ എരിയപ്പെടുന്നത് തീർത്തും നിസാരമായ കാര്യമാണ്".

പ്രിയമുള്ളവരേ, സ്വർഗ്ഗം നോക്കി യാത്ര ചെയ്യുന്നവരാകാം... നാമാരും ഭൂമിയുടെ സ്വന്തമാകേണ്ടവരല്ല, പിന്നെയോ സ്വർഗ്ഗം സ്വന്തമാക്കേണ്ടവരും സ്വർഗ്ഗത്തിന്റെ സ്വന്തമാകേണ്ടവരുമാണ്.

ക്രിസ്താനുകരണം പറയുന്നു "മരിക്കുന്നതിനുമുമ്പ് ലോകത്തിനു മരിക്കുന്ന ഒരു ക്രിസ്ത്യാനി എത്രയോ ഭാഗ്യവാനാണ്''. ലോകത്തിനു മരിച്ച്, നമുക്കു മുമ്പേ സ്വർഗ്ഗത്തിലേക്ക് കരേറി, നിത്യാനന്ദത്തിന്റെ പറുദീസ നമുക്കായി ഒരുക്കി കാത്തിരിക്കുന്നവനോടൊപ്പമാകാൻ വേണ്ടി, നമ്മുടെ ഓരോ ചുവടുവയ്പും സ്വർഗ്ഗത്തിലേക്കുള്ള ചുവടുവയ്പുതന്നെ എന്നുറപ്പിച്ച് യാത്ര തുടരാം.....

## ദൈവദാസൻ വില്യം ജക്വീൻതാ പിതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന


സ്നേഹം തന്നെയായ ദൈവമേ/സകല നന്മകളുടേയും ദാതാവായ പിതാവേ/രക്ഷകനായ മിശിഹായേ/വിശുദ്ധിയുടെ അരൂപിയേ/മനുഷ്യകുലത്തോടുള്ള അവിടുത്തെ അനന്തമായ സ്നേഹത്താൽ/വിശുദ്ധിയിലേക്കുള്ള ക്ഷണം അങ്ങ് നിരന്തരം ആവർത്തിച്ചുകൊണ്ടിരിക്കുന്നുവല്ലോ./അവിടുത്തെ ദാനങ്ങൾ/ദൈവദാസനായ വില്യം ജക്വീന്താ പിതാവിൽ വിളങ്ങി പ്രശോഭിക്കുവാൻ ഇടയാക്കിയതിനെ ഓർത്ത്/ഞങ്ങൾ അങ്ങേയ്ക്കു നന്ദി പറയുന്നു./അദ്ദേഹം അവിടുത്തെ പുത്രന്റെ അളവറ്റ സ്നേഹം ധ്യാനിക്കുകയും/വിശുദ്ധിയിലേക്കുള്ള സാർവ്വത്രിക വിളിയുടെ അക്ഷീണ പ്രേഷിതനാവുകയും ചെയ്തുവല്ലോ./അങ്ങ് തിരുമനസ്സാകുന്നുവെങ്കിൽ/അദ്ദേഹത്തിൽ അവിടുത്തെ മഹത്ത്വം വെളിപ്പെടുത്തണമെന്നും അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥ്യം വഴിയായി ഞങ്ങൾ അപേക്ഷിക്കുന്ന ഈ കൃപ/.................... ഞങ്ങൾക്കു നൽകണമെന്നും അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.

**പ്രാർത്ഥന ആവശ്യപ്പെടാനും ലഭിച്ച അനുഗ്രഹങ്ങൾ സാക്ഷ്യപ്പെടുത്താനും അന്വേഷണങ്ങൾക്കും**

**Apostolic Oblates**
Spirituality Centre,
Manganam P.O.,
Kottayam - 686 018
Tel. 0481-2578192

# കൊറോണ + കലാപം; സമാധാനം?

സ്റ്റെഫി മംഗലത്തുകുന്നേൽ



**ഉ**ത്ഥാനത്തിന്റെ ഏറ്റവും വലിയ ഫലമാണ് സമാധാനം. ഉത്ഥിതൻ നൽകുന്ന സമാധാനം ഹൃദയത്തിൽ അനുഭവിക്കാൻ വിളിക്കപ്പെട്ടവരാണ് ക്രൈസ്തവരായ നാം ഓരോരുത്തരും. സമാധാനത്തെപ്പറ്റി പറയാൻ പറ്റിയ കാലം എന്നു വിചാരിക്കുന്നുണ്ടാവും. കൊറോണയും കലാപവും ഒക്കെ നമ്മുടെ സമാധാനം കെടുത്തുന്നു എന്നതുശരിതന്നെ. എന്നാലും ഉത്ഥിതൻ നൽകുന്ന സമാധാനം ഹൃദയത്തിൽ അനുഭവിക്കാൻ നമുക്കു സാധിക്കേണ്ടതല്ലേ?

ചർച്ചകളും വിമർശനങ്ങളും ഏറെ ഉയരുന്ന ഒരു കാലത്താണ് നാം ജീവിക്കുന്നത്. വെറുതെ വിമർശിക്കുന്നവരായി മാത്രം അധഃപതിക്കാതെ എനിക്കെന്തു ചെയ്യാൻ പറ്റും എന്ന് ആദ്യമേ ചിന്തിക്കാം. എന്തെന്നാൽ തിരുവചനം പറയുന്നു: "ആദ്യമേ സ്വന്തം കണ്ണിൽനിന്ന് തടിക്കഷണം എടുത്തുമാറ്റുക. അപ്പോൾ സഹോദരന്റെ കണ്ണിലെ കരടെടുത്തുകളയാൻ നിനക്ക് കാഴ്ച തെളിയും" (മത്താ 7,5).

ഞാനല്ലല്ലോ കലാപം സൃഷ്ടിച്ചത് എന്നായിരിക്കും നാം ചിന്തിക്കുക. ഈ വലിയ അസമാധാനത്തിന് പിന്നിൽ നാം അല്ലായിരിക്കാം. അതിന് കാരണവും കാരണക്കാരെയും തിരയുന്നതിന് മുമ്പ് എന്റെ ചെറിയ ചുറ്റുപാടിൽ ഞാൻ വിതയ്ക്കുന്ന വിത്ത് ഏതാണ്? സമാധാനത്തിന്റെയോ കലാപത്തിന്റെയോ? "നിങ്ങളുടെ വാക്ക് അതേ, അതേ എന്നോ അല്ല, അല്ല എന്നോ

ആയിരിക്കട്ടെ. ഇതിനപ്പുറമുള്ളത് ദുഷ്ട നിൽനിന്നു വരുന്നു" (മത്താ 5,37).

എന്റെ സംസാരശൈലിയോ, വാക്കുകളോ അപരന്റെ മനസ്സിൽ വിദ്വേഷം വളർത്തിയെങ്കിൽ, അവരുടെ മനസ്സിനെ നൊമ്പരപ്പെടുത്തിയെങ്കിൽ ഞാനും കലാപം സൃഷ്ടിച്ചില്ലേ, അവരുടെ മനസ്സിലെങ്കിലും? അവരുടെ ആവശ്യങ്ങളെ അവഗണിച്ചപ്പോൾ എന്റെ മനസ്സിൽ അവർ പാർശ്വവത്കരിക്കപ്പെട്ടില്ലേ? സഹിക്കാനാവാത്ത അപരന്റെ കുറവുകളെ പ്രതിയാണെങ്കിലും ഞാനവനെ മാറ്റി നിർത്തുമ്പോൾ അവനെനിക്ക് ശത്രുവായില്ലേ? "ശത്രുക്കളെ സ്നേഹിക്കുവിൻ; നിങ്ങളെ പീഡിപ്പിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുവിൻ" (മത്താ 5,44).

അസമാധാനത്തിന്റെ അന്തരീക്ഷത്തിലേക്ക് ധൈര്യത്തോടെ ഇറങ്ങിച്ചെന്ന് സ്നേഹത്തിന്റെ സുവിശേഷം പ്രഘോഷിക്കാൻ നമുക്കെന്ന് സാധിക്കും? ഒരിക്കലെങ്കിലും അതിനുസാധിച്ചാൽ – അതെന്നെ നൊമ്പരപ്പെടുത്തുകയെങ്കിലും ചെയ്താൽ – ഞാൻ ഈശോയുടെ യഥാർത്ഥ അനുയായിയാണ്. കൊറോണയും കലാപവും വാർത്തയ്ക്കും ചർച്ചയ്ക്കും

*ഈ വലിയ അസമാധാനത്തിന് പിന്നിൽ നാം അല്ലായിരിക്കാം. അതിന് കാരണവും കാരണക്കാരെയും തിരയുന്നതിന് മുൻപ് എന്റെ ചെറിയ ചുറ്റുപാടിൽ ഞാൻ വിതക്കുന്ന വിത്ത് ഏതാണ്? സമാധാനത്തിന്റെയോ കലാപത്തിന്റെയോ?*

ഉള്ള വിഷയം മാത്രമാകാതെ എന്റെ നൊമ്പരമാകട്ടെ. സോദോം ഗോമോറായ്ക്കുവേണ്ടി മാദ്ധ്യസ്ഥ്യംവഹിച്ച അബ്രാഹത്തെപ്പോലെ നമ്മുടെ വിരിച്ച കരങ്ങളും മുട്ടിലെ തഴമ്പും ഉപവാസവും ദൈവസന്നിധിയിൽ പ്രാർത്ഥനയാകട്ടെ. എന്തെന്നാൽ നൊമ്പരപ്പെടുന്ന ഓരോരുത്തരും എന്റെ സഹോദരങ്ങളാണ്. ഉത്ഥിതന്റെ സമാധാനം അവർക്ക് കൊടുക്കാനാണ് ഞാൻ വിളിക്കപ്പെട്ടിരിക്കുന്നത് എന്നോർക്കുക.


**STATEMENT ABOUT OWNERSHIP AND OTHER PARTICULARS ABOUT NEWSPAPER PRATHEEKSHAYUDE POOMOTTUKAL**

**Form - IV**

| | |
|---|---|
| 1. Place of Publication | : Manganam, Spirituality Centre; Manganam P.O., Kottayam |
| 2. Periodicity of Publication | : Monthly |
| 3. Printer's Name | : Annamma Kulathupurayidom |
| Nationality | : Indian |
| Address | : Spirituality Centre, Manganam P.O., Kottayam-686 018 |
| 4. Publisher's Name | : Annamma Kulathupurayidom |
| Nationality | : Indian |
| Address | : Spirituality Centre, Manganam P.O., Kottayam-686 018 |
| 5. Editor's Name | : Fr. Mathew Vellanickal |
| Nationality | : Indian |
| Address | : Spirituality Centre, Manganam P.O., Kottayam-686 018 |

# ദൈവത്തിന്റെ ~~കത്ത്~~ കുത്ത്

ഷിനി തെരേസ് മുതുപ്ലാക്കൽ

“എന്താടാ, മുഖത്തൊരു വൈക്ലബ്യം?”

കോവിഡ് ഭീഷണിമൂലം പരിപാടികളെല്ലാം ‘ഗോവിന്ദാ’വരച്ച് മാറ്റിവച്ച്, ഫോണും തോണ്ടിയിരുന്ന ഡാരിസ് മുഖമുയർത്തി പറഞ്ഞു: “ഓൺലൈനിൽ ദൈവത്തിന്റെ ഒരു കത്ത് കിട്ടി. അത് ശരിക്കും നമ്മക്കിട്ടൊരു കുത്തുതന്നെയാ. ആള് കട്ട കലിപ്പിലാ. മനുഷ്യരെല്ലാം ഓരോന്ന് ചെയ്തുകൂട്ടീട്ട് ദൈവത്തെ അതിലേക്ക് വലിച്ചിഴക്കുന്നതാ അങ്ങേർക്കു പരാതി”.

“ദൈവം പറയുന്നത് ശരിയല്ലേ”... ജോസി ദൈവത്തിനു സപ്പോർട്ടുമായെത്തി... “മനുഷ്യർ പലതും നേരെചൊവ്വെ ചെയ്യാതെ വരുമ്പോൾ ദുരന്തമുണ്ടാകും. ദുരന്തമുണ്ടാകുമ്പോൾ കുറേപ്പേർ ദൈവത്തിനുനേരേ തിരിയും. വേറെ കുറച്ചുപേർ ദൈവമുണ്ടോ, ഉണ്ടെങ്കിൽ ഇപ്പോൾ എവിടെപോയിരിക്കുവാ എന്നൊക്കെ ചോദിക്കും. അല്ലേ വർക്കിച്ചേട്ടാ”.

കാണുന്നിടത്തൊക്കെ അലഞ്ഞുതിരിഞ്ഞു നടന്നാൽ തിരിച്ചു വീട്ടിൽ വരുമ്പോൾ കയറ്റില്ല എന്ന ഭാര്യയുടെ ഭീഷണി പേടിച്ച്, ദൂരെയാത്രയൊക്കെ ഒഴിവാക്കി അയൽപക്കത്തുവന്നതാണ് വർക്കിച്ചേട്ടൻ.

“നമ്മൾ മനുഷ്യർക്കല്ലേ ദൈവം കലിപ്പിലാണെന്നും കുത്തുന്നതാണെന്നുമൊക്കെ തോന്നുന്നത്. ഞാൻ ദൈവമാ, മനുഷ്യനല്ല എന്ന് അവിടുന്നുതന്നെ പറഞ്ഞിട്ടുള്ളതല്ലേ... എന്നാലും, ഏതു പ്രശ്നത്തിനും മറ്റുള്ളവരെ പഴിക്കാനാണല്ലോ പൊതുവേ എല്ലാവർക്കും താല്പര്യം... എങ്ങനെയുണ്ടായതാണെങ്കിലും ഈ ബാധ ഒരു ദുരന്തംതന്നെയാ. എത്രയോ ആളുകളെ ഇതു ബാധിച്ചു! എത്ര ആളുകൾ അനാഥരായി! എത്രയാളുകൾ ജോലിയും കൂലിയുമില്ലാതെ കഷ്ടപ്പെടുന്നു! ചിലയിടങ്ങളിൽ ഭക്ഷണത്തിനും ക്ഷാമമുണ്ടായി. വേറെയും എന്തെല്ലാം പ്രശ്നങ്ങളാ... തെക്കേപ്പുരേലെ ജോൺ സ്പെയിനീന്ന് ഇന്നു വരാനിരുന്നതാ. അവന്റെ വീട്ടിലെ പ്രശ്നങ്ങളൊക്കെ അറിയാല്ലോ. പക്ഷേ, വിമാനസർവീസുകളൊക്കെ നിർത്തിയതിനാൽ അവന് വരാനൊക്കില്ല”.

“മേലുകീഴു നോട്ടമില്ലാതെ ഓട്ടമല്ലായിരുന്നോ എല്ലാരും; തമ്പുരാനെ മറന്നുള്ള ഓട്ടം... ഓരോ കാര്യങ്ങളും ഞാൻതന്നെ ചെയ്തില്ലേൽ ശരിയാകില്ല എന്ന ചിന്തയാരുന്നു ചിലർക്കൊക്കെ. ഇപ്പോ കുറേപ്പേർക്ക് അടങ്ങിയൊതുങ്ങി വീട്ടിലിരിക്കാറായി”. ഏറുകണ്ണിട്ട് ഡാരിസിനെ നോക്കി ജോസി പറഞ്ഞു.

ദൈവത്തിന്റെ കത്തുവായിച്ച് വിഷണ്ണനായിരുന്ന ഡാരിസ് ഇതുംകൂടെ കേട്ടപ്പോൾ പതുക്കെ സ്ഥലം കാലിയാക്കി.

“അതു ശരിയാ. ചില വീടുകളിൽ മാതാപിതാക്കളുണ്ടേലും പിള്ളേര് അവരെ കാണുന്നത് ആഴ്ചയിലൊരിക്കലാ. കാരണം അതുങ്ങള് എണീറ്റു വരുമ്പോഴേക്കും അവര് ജോലിക്കു പോകും. ജോലി കഴിഞ്ഞ് തിരിച്ചുവരുമ്പോൾ പിള്ളേര് ഉറങ്ങുവേം ചെയ്യും. അങ്ങനെയുള്ളവർക്ക് മാതാപിതാക്കളുടെകൂടെയിരിക്കാൻ കിട്ടിയ സമയമാ”.

"ഇങ്ങനെ ചില അയൽപക്കക്കാരൊക്കെ യുണ്ടെന്ന് അറിയാനുംകൂടെ പറ്റിയ സമയമാ വർക്കിച്ചേട്ടാ ഇത്"... കയ്യിൽ കാപ്പിയുമായി വന്ന മേരി കൂട്ടിച്ചേർത്തു.

"ഊം... ഊം... നമ്മക്കിട്ടാണോ പണി! നമ്മുടെ അടുക്കളറാണിമാർക്ക് വല്ലതും വച്ചു വിളമ്പാറായി. അല്ലെങ്കിൽ ഭക്ഷണം പുറത്തൂന്ന് മേടിക്കാനായിരുന്നു ഇഷ്ടം! അല്ലേ ജോസി?"

"നിങ്ങള് കളി കള... പള്ളീൽപോലും പോകാൻ പറ്റാതെ എത്ര പേരാ ഈ ലോകത്ത് വിഷമിക്കുന്നത്. ജോണിക്കുട്ടീടെ കാര്യമറിയാൻ സിസിലിയെ ഞാൻ വിളിച്ചായിരുന്നു. ഇവിടെയായിരുന്നപ്പോൾ പള്ളീൽപോകാൻ അവന് വലിയ ഉത്സാഹമൊന്നുമില്ലായിരുന്നല്ലോ. ഇപ്പോൾ അവിടെയൊക്കെ കുർബാനയൊന്നും ഇല്ലാതെയായപ്പോൾ അവന് വളരെ വിഷമം. അങ്ങനെ പള്ളീലൊന്നും പോകാൻ പറ്റാത്തവർക്കുവേണ്ടിക്കൂടി നമുക്കു പോകുകയും പ്രാർത്ഥിക്കുകയും ചെയ്യാം".

"ശരിയാ മേരിക്കുട്ടീ... അതുപോലെ എന്തുമാത്രം ഡോക്ടർമാരും നേഴ്സുമാരുമാ രാപകലില്ലാതെ ജോലി ചെയ്യുന്നത്. അതിനിടയ്ക്ക് അവരുടെ ആരോഗ്യം ശ്രദ്ധിക്കാൻ പോലും അവർക്കു പറ്റുന്നില്ല. മറ്റുള്ളവർക്കുവേണ്ടി അവരും ജീവൻ കളയുന്നു. അവരെയൊക്കെ ഓർത്ത് നമുക്കു പ്രാർത്ഥിക്കാം. നമുക്ക് ചെയ്യാൻ പറ്റുന്നത് അതല്ലേയുള്ളു".

"ങ്ഹാ... തമ്പുരാനു മാത്രമേ വല്ലതും ചെയ്യാൻ പറ്റൂ. കാണാൻപറ്റാത്ത ദൈവത്തെ എങ്ങനെയാ വിശ്വ

സിക്കുന്നത് എന്നു ചോദിച്ചവരൊക്കെയുണ്ട്. കണ്ണിൽക്കാണാൻ പറ്റാത്ത ഈ കീടാണു ലോകത്തെത്തന്നെ സ്തംഭിപ്പിച്ചു. ഈ ലോകം തന്നെ സൃഷ്ടിച്ച 'കാണാമറയത്തുള്ള' തമ്പുരാന് വലിയ കാര്യങ്ങൾ ചെയ്യാൻ പറ്റുമെന്ന വിശ്വാസം വേണം.

"ഈ വൈറസിനെ മൈക്രോസ്ക്കോപ്പിലൂടെ കാണാം അപ്പാപ്പാ. ദൈവത്തെ അങ്ങനെ കാണാൻ പറ്റില്ലല്ലോ". കണ്ണ് ടെലിവിഷനിലായിരുന്നെങ്കിലും മാത്യൂസിന്റെ ചെവി തങ്ങളുടെ സംസാരത്തിലായിരുന്നെന്ന് അവർക്കു മനസ്സിലായി.

"ദൈവത്തെ കാണാൻ ഒരു മൈക്രോസ്ക്കോപ്പിന്റെയും ആവശ്യമില്ലെടാ മോനേ. കുറച്ച് വിശ്വാസക്കാഴ്ചയുണ്ടായാൽ മതി. ആ വിശ്വാസത്തിൽനിന്നുണ്ടാകുന്ന ദൈവാനുഭവം മതി. ദൈവദോഷം പറയാതെ നന്നായി ജീവിക്കാൻ നോക്കിയാൽ നിനക്കു കൊള്ളാം". ഡാരിസിന്റെ മുഖത്തെ വൈക്ലബ്യം മാത്യൂസിന്റെ മുഖത്തേക്കു വഴിമാറി. ടി.വി. ഓഫാക്കിയശേഷം അവൻ പതുക്കെ പ്രാർത്ഥനാമുറിയിലേക്കു കയറുന്നതു കണ്ടപ്പോൾ എല്ലാവരുടെയും മുഖത്ത് ഒരു മന്ദഹാസമുദിച്ചു.





# അമ്മയോടൊപ്പം അനുഗ്രഹവഴിയേ

ബെറ്റി കച്ചിറ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**1. ഉത്ഥാനം: ഓർമ്മയും സാന്ത്വനവും**

മരണഭയത്താൽ ആകുലരായവർക്ക്, പാപത്തിനും ബന്ധനത്തിനും അടിമകളായവർക്ക് മോചനത്തിന്റെ സദ്വാർത്ത നല്കിയ ഉത്ഥാനം. പരിശുദ്ധ അമ്മേ, മരണത്തെ ജയിച്ച ഉത്ഥിതന്റെ ഓർമ്മകളെ ഹൃദയത്തിൽ ഉറപ്പിക്കുവാൻ വേണ്ട കൃപകൾക്കായി നീ പ്രാർത്ഥിക്കണമെ.

1 സ്വ. 10 നന്മ. 1 ത്രിത്വ.

**2. ഉത്ഥാനം: ആനന്ദം**

പുനരുത്ഥാനത്തിലൂടെ മനുഷ്യമക്കളുടെ ഹൃദയത്തിൽ ആനന്ദം നിറച്ച ഈശോയെ ധ്യാനിച്ചുകൊണ്ട് ഒരിക്കലും നിലയ്ക്കാത്ത ഉത്ഥാനത്തിന്റെ ആനന്ദം ഞങ്ങൾക്കു ലഭിക്കാൻ വേണ്ട കൃപയ്ക്കായി പരിശുദ്ധ അമ്മേ, തിരുക്കുമാരനോട് പ്രാർത്ഥിക്കണമെ.

1 സ്വ. 10 നന്മ. 1 ത്രിത്വ.

**3. ഉത്ഥാനം : പ്രത്യാശയും പ്രതീക്ഷയും**

മിശിഹായുടെ ഉത്ഥാനത്തിലൂടെ അന്ധകാരത്തിൽനിന്നു പ്രകാശത്തിലേക്ക്, മരണത്തിനപ്പുറം പ്രതീക്ഷയിലേക്ക് നമ്മെ നയിച്ചതുപോലെ ഈ പ്രതീക്ഷയും പ്രത്യാശയും നിത്യവും ഞങ്ങളിൽ നിലനില്ക്കുവാൻ വേണ്ട കൃപകൾക്കായി പരിശുദ്ധ അമ്മേ നീ പ്രാർത്ഥിക്കണമേ.

1 സ്വ. 10 നന്മ. 1 ത്രിത്വ.

**4. ഉത്ഥാനം : നിശബ്ദതയുടെ യാത്രയാണ്**

മിശിഹായുടെ പീഡാനുഭവയാത്രയിലെ നിശബ്ദതയ്ക്കുശേഷം മഹത്ത്വപൂർണ്ണമായ ഉത്ഥാനം ദർശിച്ചതുപോലെ ഞങ്ങളുടെ സഹന, ദുരിതജീവിതത്തെ പഴിക്കാതെ, മഹത്ത്വത്തെ ലക്ഷ്യമാക്കി നിശബ്ദമായി ജീവിക്കാൻ വേണ്ട കൃപയ്ക്കായി പരി. അമ്മേ, നീ പ്രാർത്ഥിക്കണമെ.

1 സ്വ. 10 നന്മ. 1 ത്രിത്വ.

**5. ഉത്ഥാനം: വിശ്വാസമാണ്**

നമുക്കു നിത്യജീവൻ നല്കുവാൻ ഉത്ഥിതനായ മിശിഹായോടൊത്ത് ജീവിച്ച്, മരിച്ച്, സ്വർഗ്ഗത്തിൽ നിത്യജീവിതത്തിനർഹരായി തീരാമെന്ന വിശ്വാസം വളർത്തി, കൃപയിൽ ജീവിക്കാൻ അമ്മേ നീ ഞങ്ങൾക്കായി പ്രാർത്ഥിക്കണമേ.

1 സ്വ. 10 നന്മ. 1 ത്രിത്വ.

**നമുക്കു പ്രാർത്ഥിക്കാം**

ഉത്ഥാനത്തിനുശേഷം ശിഷ്യന്മാരോടൊത്ത് നിരന്തരം പ്രാർത്ഥനയിലായിരുന്ന അമ്മേ ഞങ്ങളെയും പ്രാർത്ഥിക്കുവാൻ പഠിപ്പിക്കണമേ. ആമ്മേൻ.



എന്നും
നമ്മോടുകൂടെയുള്ള
ഉത്ഥിതന്റെ
സാന്നിദ്ധ്യം
തിരിച്ചറിയാം.
വഴിത്താരകളിൽ
എവിടെയോ
നഷ്ടമായ
പ്രത്യാശയുടെയും
ആനന്ദത്തിന്റെയും
നിറങ്ങൾ
വീണ്ടെടുക്കാനായി
അവനോടൊപ്പം
നമുക്ക്
തിരിഞ്ഞുനടക്കാം.



PRATHEEKSHAYUDE POOMOTTUKAL (Malayalam Monthly)
RNI: KERMAL/2014/59983
Published on 24th March 2020

Registered: KL/KTM/72/2018-20
Licence No:KL/CR/KTM/WPP-22/2018-20
Licensed to post without prepayment

# പ്രതീക്ഷയുടെ പൂമൊട്ടുകൾ




Printed, Published & Owned by Annamma Kulathupurayidom, Spirituality Centre, Manganam P.O., Kottayam - 686 018, Printed at WiGi Printers, Manganam P.O., Kottayam - 686 018, Ph:0481- 2570862, Email; wigipress @ gmail. com and Published at Spirituality Centre, Manganam P.O, Kottayam - 686 018, Ph:0481- 2578192, Email: psmktm @ gmail com.
Editor : Fr. Mathew Vellanickal